# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## ചൊക്ലി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കണ്ണൂർ**

**670001**

**ഇ-മെയിൽ: doknr.ksad@kerala.gov.in**

**ഫോൺ : 0497-2707698**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/1736/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 06/12/2024
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചൊക്ലി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/1736/24 തീയ്യതി: 06/12/2024

## കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-11-2023 മുതൽ 03-11-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 20-11-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സി.വി. ജ്യോതിഷ് കുമാർ | ഡെപ്യൂട്ടി ഡയറക്ടർ | 04-11-2024 | 13-11-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-11-2024 | 13-11-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.സുരേശൻ.പി.വി.ഓഡിറ്റ് ഓഫീസർ,(ഹ.ഗ്രേ)

ശ്രീ.ലതീഷ് കുമാർ.കെ.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.രാജിമ.എ.സി,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.വനജ മാടത്താൻ കണ്ടി,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രമ്യ.സി.കെ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീമതി.ഷീജാമണി.കെ | സെക്രട്ടറി | 01-04-2023 | 05-06-2023 |
| ശ്രീമതി.കല.ബി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-06-2023 | 11-06-2023 |
| ശ്രീമതി.ഷീജാമണി.കെ | സെക്രട്ടറി | 12-06-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അമ്പിളി എലിസബത്ത് | കൃഷി ഓഫീസർ | 01-04-2023 | 23-04-2023 |
| ശ്രീമതി.ഇർഷാന.എം.പി | കൃഷി ഓഫീസർ | 24-04-2023 | 14-06-2023 |
| ശ്രീമതി.ഷീന | കൃഷി ഓഫീസർ | 15-06-2023 | 24-10-2023 |
| ശ്രീ.സുനിൽ കുമാർ കൊയിലി | കൃഷി ഓഫീസർ | 25-10-2023 | 08-11-2023 |
| ശ്രീമതി.അഞ്ജു എം | കൃഷി ഓഫീസർ | 09-11-2023 | 31-03-2024 |
| ശ്രീ.ആനന്ദ്.ടി.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ഡോ.അമൃതകല | മെഡിക്കൽ ഓഫീസർ (PHC) | 01-04-2023 | 06-07-2023 |
| ഡോ.മുഹമ്മദ് ഹാഫിസ്.വി.കെ | മെഡിക്കൽ ഓഫീസർ (PHC) | 07-07-2023 | 31-12-2023 |
| ഡോ.നീതു.എം | മെഡിക്കൽ ഓഫീസർ (PHC) | 01-01-2024 | 31-03-2024 |
| ഡോ.ഷോന.എസ്.ആർ | മെഡിക്കൽ ഓഫീസർ,ജി.എച്ച്.ഡി | 01-04-2023 | 02-05-2023 |
| ഡോ.ബിനു.കെ(ഇൻ ചാർജ്) | മെഡിക്കൽ ഓഫീസർ,ജി.എച്ച്.ഡി | 03-05-2023 | 22-05-2023 |
| ഡോ.ടീന (ഇൻ ചാർജ്) | മെഡിക്കൽ ഓഫീസർ,ജി.എച്ച്.ഡി | 23-05-2023 | 11-06-2023 |
| ഡോ.ഷോന.എസ്.ആർ | മെഡിക്കൽ ഓഫീസർ,ജി.എച്ച്.ഡി | 12-06-2023 | 05-07-2023 |
| ഡോ.ജിതിൻ രാജ് | മെഡിക്കൽ ഓഫീസർ,ജി.എച്ച്.ഡി | 06-07-2023 | 31-03-2024 |
| ഡോ.കെ.ചന്ദ്രശേഖരൻ | വെറ്റിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീ.രാജേഷ്.ടി.ആർ | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 08-07-2023 |
| ശ്രീ.രജീഷ്.ടി.കെ | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 09-07-2023 | 31-03-2024 |
| ശ്രീമതി.ബിന്ദു.കെ.എം | ഐ സിഡി എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീ.സുഭാഷ്.എസ്.എൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ.ജസീർ.കെ.പി | വി.ഇ.ഒ.ഒളവിലം | 01-04-2023 | 13-07-2023 |
| ശ്രീമതി.ഫെമിന ഫ്രാങ്കോ (ഇൻ ചാർജ്) | വി.ഇ.ഒ.ഒളവിലം | 14-07-2023 | 18-07-2023 |

| | | | |
|---|---|---|---|
| ശ്രീമതി.റജി ണുണേരി | വി.ഇ.ഒ.ഒളവിലം | 19-07-2023 | 17-02-2024 |
| ശ്രീമതി.ഫെമിന ഫ്രാങ്കോ (ഇൻ ചാർജ്) | വി.ഇ.ഒ.ഒളവിലം | 18-02-2024 | 31-03-2024 |
| ശ്രീമതി.ഫെമിന ഫ്രാങ്കോ | വി.ഇ.ഒ. നിട്ടുമ്പ്രം | 01-04-2023 | 31-03-2024 |
| ശ്രീമതി.കല.ബി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | മുൻ വർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-4 |
| 6 | തൻവർഷം പാർട്ട് ബിൽ നൽകിയ പ്രവൃത്തികൾ ഉണ്ടെങ്കിലും ആയത് ബാലൻസ്ഷീറ്റ് ബി-11(b) കാപ്പിറ്റൽ വർക്ക് ഇൻപ്രോഗ്രസ്സിൽ അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-5 |
| 7 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-6 |
| 8 | സ്ഥാപനത്തിന് നിലവിലില്ലാത്ത ട്രഷറി അക്കൗണ്ടിൽ നീക്കിയിരിപ്പ് രേഖപ്പെടുത്തി | 1-1-7 |
| 9 | കാപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല | 1-1-8 |
| 10 | B4 ഷെഡ്യൂളിൽ ബാധ്യതയായി കാണിച്ച 320100102 എന്ന ഹെഡിൽ ₹39700 ഉം എസ്.ജി.എസ്.വൈ (320100180)₹287232 തുക കളുടെ വിശദാംശം ലഭ്യമല്ല | 1-1-9 |
| 11 | അഡ്വാൻസ് ടു ഇംപ്ലിമെന്റിങ്ങ് ഏജൻസീസ് ഡെപ്പോസിറ്റ് വിത്ത് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നും തിരികെ വന്ന 6612 രൂപ യഥാർത്ഥ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല | 1-1-10 |
| 12 | ലൈഫ് മിഷൻ ഫണ്ട് റൂറൽ ഹൗസിങ്ങ് ഫോർ ഓൾ എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഫണ്ട് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമ പദ്ധതികൾ | 1-7 |
| 19 | കാഷ് പരിശോധന | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 21 | ഗ്രാമ സഭ /വർക്കിംഗ് ഗ്രൂപ്പ് | 1-10 |
| 22 | വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുന്നു. | 1-11 |
| 23 | തൊഴിൽ നികുതി അടവാക്കുന്നതിൽ കാലതാമസം വരുത്തിയ നികുതിദായകരിൽ നിന്നും വർദ്ധിപ്പിച്ച നിരക്കിലുള്ള (2% നിരക്കിൽ) പിഴ ഈടാക്കിയില്ല. | 1-12 |
| 24 | തൊഴിൽ നികുതി അപാകങ്ങൾ. | 1-13 |
| 25 | സ്വിമ്മിങ്പൂളുകൾ, ടർഫ് കോർട്ട്, ജിംനേഷ്യങ്ങൾ -വസ്തു നികുതി, തൊഴിൽ നികുതി ഈടാക്കിയില്ല. | 1-14 |
| 26 | എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് ഈടാക്കുന്നതിലെ അപാകങ്ങൾ. | 1-15 |
| 27 | ഇ-ടെണ്ടർ ഫീസിനുള്ള അക്കൗണ്ട് ആരംഭിച്ചിട്ടും ഇടപാടുകൾ ആരംഭിച്ചില്ല – അക്കൗണ്ട് ഉപയോഗിച്ചത് മറ്റ് ഓഫീസ് ആവശ്യങ്ങൾക്ക് . | 1-16 |
| 28 | എ.ബി.സി പ്രോഗ്രാം -വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല-₹150000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-17 |
| 29 | കെ.എസ്.ഇ.ബി-യ്ക്ക് നൽകിയ തുകകളുടെ വിനിയോഗ വിവരം ലഭ്യമല്ല ₹37274 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-18 |
| 30 | കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണ പദ്ധതി- അപാകങ്ങൾ | 1-19 |

| | | |
|---|---|---|
| 31 | ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്നുകൾ ലഭിച്ചിട്ടില്ല ₹159642 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-20 |
| 32 | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് മരുന്നുകൾ ലഭിക്കാത്തതിനാൽ ₹258585 ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 33 | പാലിയേറ്റീവ് കുടുംബസംഗമം - പദ്ധതിനിർവ്വഹണത്തിലെ അപാകങ്ങൾ ₹25000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 34 | IEC പ്രവർത്തനങ്ങൾ - ചെലവ് രേഖകളുടെ അഭാവത്തിൽ₹25550 ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 35 | റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കൽ - ചെലവ് വിതരണ രേഖകൾ ലഭ്യമാക്കിയില്ല - ₹1517150 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-24 |
| 36 | സർവ്വീസ്/ഫാമിലി പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താവ് അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷ പെൻഷൻ തുക തിരികെ ഈടാക്കിയിട്ടില്ല. | 1-25 |
| 37 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ കേരളത്തിലെ മാലിന്യസംസ്കരണം ഹരിത കർമ സേനയിലൂടെ | 1-26 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT & PAYMENT STATEMENT | |
| 4 | INCOME & EXPENDITURE STATEMENT | |
| 5 | BALANCE SHEET | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ചൊക്ലി ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 22.05.2024 തീയതിയിലെ 160/2024 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 23-05-2024 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 31.03.2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3)എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചൊക്ലി ഗ്രാമ പഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
06.12.2024.

### 1-1-1 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase / Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹9924936 യാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-2540583 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

**1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല**

1. 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.
2. തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന ബി-1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

**1-1-3 മുൻ വർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.**

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

**1-1-4 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.**

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ഉദാഹരണം- വസ്തു നികുതി, നവംബർ മാസവും മാർച്ച് മാസവും മാത്രമാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്.

**1-1-5 തൻവർഷം പാർട്ട് ബിൽ നൽകിയ പ്രവൃത്തികൾ ഉണ്ടെങ്കിലും ആയത് ബാലൻസ്ഷീറ്റ് ബി-11(b) കാപ്പിറ്റൽ വർക്ക് ഇൻപ്രോഗ്രസ്സിൽ അക്കൗണ്ട് ചെയ്തിട്ടില്ല**

തൻവർഷം പാർട്ട് ബിൽ നൽകിയ പ്രവൃത്തികൾ ഉണ്ടെങ്കിലും ആയത് ബാലൻസ് ഷീറ്റ് ബി-11 (B) കാപ്പിറ്റൽ വർക്ക് ഇൻപ്രോഗ്രസ്സിൽ അക്കൗണ്ട് ചെയ്തിട്ടില്ല

**1-1-6 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.**

B-11 ഷെഡ്യൂളിൽ പരാമർശിച്ച ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിൽ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

**1-1-7 സ്ഥാപനത്തിന് നിലവിലില്ലാത്ത ട്രഷറി അക്കൗണ്ടിൽ നീക്കിയിരിപ്പ് രേഖപ്പെടുത്തി**

ബാലൻസ് ഷീറ്റ് ബി-17 പ്രകാരം സബ് ട്രഷറി -തലശ്ശേരി (722031400000008) അക്കൗണ്ടിൽ 10996രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ സ്ഥാപനത്തിന് അപ്രകാരം ഒരു അക്കൗണ്ട് നിലിവിലില്ല എന്നറിയിച്ചിട്ടുണ്ട്.

**1-1-8 കാപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല**

ബാലൻസ് ഷീറ്റിലെ B-3 ഷെഡ്യൂളിൽ Capital Contribution ഷെഡ്യൂളിൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ഇനത്തിലെ കാപ്പിറ്റൽ ചെലവുകൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ

**1-1-9 B4 ഷെഡ്യൂളിൽ ബാധ്യതയായി കാണിച്ച 320100102 എന്ന ഹെഡിൽ ₹39700 ഉം എസ്.ജി.എസ്.വൈ (320100180)₹287232 തുക കളുടെ വിശദാംശം ലഭ്യമല്ല**

B4ൽ 320100102 എന്ന ഹെഡിൽ ₹39700 ഉം എസ്.ജി.എസ്.വൈ (320100180) ₹287232 മുൻ വർഷത്തെ തുകകൾ തന്നെ നീക്കിയിരിപ്പായി ഈ വർഷവും നിലനിൽക്കുന്നുണ്ട്. ഇവ സാംഖ്യ സോഫ്റ്റവെയർ നിലവിൽ വരുമ്പോൾ ഓപ്പണിങ്ങ് ബാലൻസായി വന്ന തുകയാണെന്നും ആയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല എന്നും അറിയിച്ചിട്ടുണ്ട്.

**1-1-10 അഡ്വാൻസ് ടു ഇംപ്ലിമെന്റിങ്ങ് ഏജൻസീസ് ഡെപ്പോസിറ്റ് വിത്ത് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നും തിരികെ വന്ന 6612 രൂപ യഥാർത്ഥ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല**

അഡ്വാൻസ് ടു ഇംപ്ലിമെന്റിങ്ങ് ഏജൻസീസ് ഡെപ്പോസിറ്റ് വിത്ത് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് 6612 രൂപ വരവ് കാണിച്ചിട്ടുണ്ട്. ആയത് 2022-23 വർഷം കുഴൽ കിണർ റിപ്പയറിന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡിൽ) നിന്നും അഡ്വാൻസായി നൽകിയ തുകയിൽ 24000 രൂപയിൽ തിരികെ വന്ന തുകയാണ് എന്നറിയിച്ചിട്ടുണ്ട്. എന്നാൽ ആയത് ഫിനാൻസ് കമ്മീഷൻ ഗ്രാന്റിന്റെ ഹെഡിൽ ഉൾപ്പെടുത്തി ക്രമീകരിച്ചിട്ടില്ല.

**1-1-11 ലൈഫ് മിഷൻ ഫണ്ട് റൂറൽ ഹൗസിങ്ങ് ഫോർ ഓൾ എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല**

ലൈഫ് മിഷൻ അക്കൗണ്ടിൽ ബാലൻസ് ഷീറ്റ് ബി-17 പ്രകാരം 379351 രൂപ ബാലൻസുണ്ടെങ്കിലും ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ റൂറൽ ഹൗസിങ്ങ് ഹെഡിൽ സീറോ ബാലൻസാണ് കാണിച്ചിട്ടുള്ളത്. ആയതിൽ പ്രസ്തുത ഹെഡിലെ വരവ് ചെലവുകൾ റൂറൽ ഹൗസിങ്ങ് ഫോർ ഓൾ എന്ന ഹെഡിൽ അക്കൗണ്ട് ചെയ്യുന്നതിന് പകരം Grant Fund

Contribution For Specific Purpose എന്ന ഹെഡിലാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്

## 1-2 ബജറ്റ്

| വർഷം | 2023-24 | |
|---|---|---|
| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
| ഭരണസമിതി തീരുമാനം നമ്പർ / തീയതി | 109/2023 Dt.20/03/2023 | 48/2024 Dt 07/02/2024 |
| മുന്നിരിപ്പ് | 5231825 | 11760971 |
| വരവ് | 262998586 | 261717192 |
| ആകെ | 268230411 | 273478163 |
| ചെലവ് | 263081267 | 267631156 |
| നീക്കിയിരിപ്പ് | 5149144 | 5847007 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക (രൂപ ) |
|---|---|
| മുന്നിരിപ്പ് | 1,93,36,349 |
| ഓഡിറ്റ് വർഷത്തെ വരവ് | 5,32,01,349 |
| ആകെ | 7,25,37,698 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 4,32,76,413 |
| നീക്കിയിരിപ്പ് | 2,92,61,285 |
| വരവിനങ്ങളിലെ നഷ്ടം/ | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 21,73,201 |

വികസന ഫണ്ട് ജനറൽ, എസ്.സി.പി, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ്& അൺടൈഡ് (ട്രഷറി വരവുകൾ), സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത്, ജില്ല പഞ്ചായത്ത് വിഹിതം , തൊഴിലുറപ്പ് പദ്ധതി, ക്ഷേമ പെൻഷൻ മുതലായവയുടെ വിവരം റസീറ്റ് &പെയ്മെന്റ് പത്രികയിൽ ഉൾപ്പെടുന്നില്ല. അതുകൊണ്ട് തന്നെ മേൽ വരവും ചെലവും ഭാഗികമാണ്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | 20859000 | 20859000 | 19138220 | 1720780 |
| വികസന ഫണ്ട് - എസ് സി പി | 0 | 1250000 | 1250000 | 1250000 | 0 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | 0 | 9280000 | 9280000 | 1706687 | 7573313 |
| മെയിന്റനൻസ് ഫണ്ട് - നോൺ റോഡ് | 0 | 2710,000 | 2710,000 | 2710,000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ്- ബാങ്ക് - | 5469694 | 2590500 | 8060194 | 4641765 | 3418429 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺ ടൈഡ് | 934590 | 3641178 | 4575768 | 3269875+ 13(bank Charge) | 1305880 |

| | | | | | |
|---|---|---|---|---|---|
| ബേങ്ക് | | | | | |
| ഐ സി ഡി എസ് കേന്ദ്രവിഹിതം | 131070 | 1554806 | 1685876 | 1685876 | 0 |
| ടോട്ടൽ സാനിറ്റേഷൻ | 235978 | 0 | 235978 | 0 | 235978 |
| ഹെൽത്ത് ഗ്രാന്റ്-ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ടക്ചർ | 35723 | 982724 | 1018447 | 507474 | 510973 |
| ഹെൽത്ത്ഗ്രാന്റ്-വെൽനസ് സെന്റേഴ്സ് | 2039 | 407430 | 409469 | 366939 | 42530 |
| ഹെൽത്ത്ഗ്രാന്റ്-ബിൽഡിങ്ങ് ലെസ് സബ്സെന്റർ | 0 | 2814519 | 2814519 | 0 | 2814519 |
| എസ്.ജി.എസ്.വൈ | 287232 | 0 | 287232 | 0 | 287232 |
| ജലനിധി | 10000 | 0 | 10000 | 0 | 10000 |
| എംജിഎൻആർഇജിഎസ് | 3,323 | 818193 | 821516 | 821165 | 351 |
| ലൈഫ് മിഷൻ | 120000 | 3100000 | 3220000 | 2840649 | 379351 |
| ഹെൽത്ത് മിഷൻ ഫണ്ട് | 450000 | 0 | 450000 | 450000 | 0 |
| 320100102 പോവർട്ടി അലിവിയേഷൻ യൂണിറ്റ്സ് ഓഫ് ഡിസ്ട്രിക്റ്റ് പഞ്ചായത്ത് | 39700 | 0 | 39700 | 0 | 39700 |
| നിർമ്മൽ പുരസ്കാർ | 40790 | 0 | 40790 | 0 | 40790 |
| കില ട്രൈയ്നിംഗ് | 11050 | 0 | 11050 | 0 | 11050 |
| വിമുക്തി | 14060 | 0 | 14060 | 0 | 14060 |
| സാക്ഷരത | 13129 | 385 | 13514 | 0 | 13514 |
| ബഡ്സ് സ്കൂൾഗ്രാന്റ് | 489279 | 432550 | 921829 | 489279 | 432550 |
| സ്വച്ച് ഭാരത് അഭിയാൻ | 0 | 755554 | 755554 | 755554 | 0 |
| മുൻസിപ്പൽ കോർപ്പറേഷൻ വിഹിതം | 800000 | 0 | 800000 | 0 | 800000 |

വികസന ഫണ്ട് - ജനറലിൽ എ സി ആറുമായുള്ള ചെലവ് വ്യത്യാസം ക്യൂ ബിൽ ഇനത്തിലെ 567922രൂപയും 1152858 രൂപയുടെ ബില്ലുകൾ WAMS ക്ലിയറൻസിന് പോയ ബില്ലുകളുമാണ്.

മെയിന്റനൻസ് ഫണ്ട് -നോൺ റോഡിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ 588536 രൂപയുടെ WAMS ക്ലിയറൻസിന് പോയ ബിൽ ഡബിൾ എൻട്രി ആയതിനാലാണ് എ സി ആറിൽ നെഗറ്റീവ് ബാലൻസ് കാണിച്ചിട്ടുള്ളത്

മെയിന്റനൻസ് ഫണ്ട് - റോഡിൽ -എ സി ആറുമായുള്ള വ്യത്യാസം 2186002 രൂപയുടെ ക്യൂബില്ലും, WAMS ക്ലിയറൻസിന് പോയ 1296430 രൂപയുടെ ബില്ലും 709572 രൂപയുടെ ട്രഷറിയിൽ സ്വീകരിക്കാത്ത ബില്ലും ചേർന്ന 4192004 രൂപയാണ്

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | അടങ്കൽ | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | ചെലവ് | പൂർത്തിയാക്കിയ പദ്ധതികളുടെ % |
|---|---|---|---|---|---|---|---|
| 212 | 138 | 112007699 | 54 | 84 | 74 | 52995845 | 25.47 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രൊജക്റ്റുകളുടെ എണ്ണം | നടപ്പാക്കിയ പ്രൊജക്റ്റുകളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 37 | 26 | 15078569 | 6139917 | 40.72 |
| കൃഷി ഓഫീസർ | 10 | 10 | 3786224 | 2577433 | 68.07 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 90 | 40 | 47245391 | 15238176 | 32.25 |
| വെറ്റിനറി സർജൻ | 04 | 03 | 480950 | 393000 | 81.71 |
| വി ഇ ഒ-ഒളവിലം | 19 | 11 | 7299705 | 2945089 | 40.35 |
| വി ഇ ഒ-നെടുമ്പ്രം | 10 | 10 | 19032542 | 11013701 | 57.87 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 02 | 02 | 600000 | 423433 | 70.57 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 02 | 02 | 144000 | 141600 | 98.33 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 14 | 12 | 7020825 | 5903699 | 84.09 |
| മെഡിക്കൽ ഓഫീസർ-പിഎച്ച്സി | 16 | 14 | 7396034 | 4913189 | 66.43 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 01 | 01 | 200000 | 200000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 07 | 07 | 3723459 | 3106608 | 83.43 |
| ആകെ | 212 | 138 | 112007699 | 52995845 | 47.31 |

## 1-6 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഫണ്ട് | ഇനം | മുന്നിരിപ്പ് | വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| എംജിഎൻആർഇജിഎസ് | ഭരണ ചെലവ് | 3323 | 818193.00 | 821516 | 821165.00 | 351 |
| | തൊഴിലാളികളുടെ കൂലി, മെറ്റീരിയൽ ചെലവ് | 0 | 24726859 | 24726859 | 24726859 | 0 |
| | ആകെ | 3323 | 2,55,45,052 | 2,55,48,375 | 2,55,48,024 | 351 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1522200 | 115 |
| വിധവാ പെൻഷൻ | 13229700 | 1085 |
| വാർദ്ധക്യകാല പെൻഷൻ | 29030700 | 2483 |
| ഭിന്നശേഷി പെൻഷൻ | 4223400 | 339 |
| 50വയസ്സ് കഴിഞ്ഞഅവിവാഹിതർക്കുള്ള പെൻഷൻ | 2212800 | 179 |
| വിവാഹ ധനസഹായം | 120000 | 4 |

## 1-8 കാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-11-2024 തീയതിയിൽ 2.00 Pm ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹11,450 (പതിനൊന്നായിരത്തി നാനൂറ്റി അമ്പത് രൂപ മാത്രം.) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഫയലുകളും അനുബന്ധ രേഖകളും രജിസ്റ്ററുകളും പൊതുവെ നല്ല രീതിയിൽ സൂക്ഷിക്കുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള അക്കൗണ്ടിംഗ് സമ്പ്രദായങ്ങൾക്കനുസരിച്ച് രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നകാര്യത്തിൽ ശ്രദ്ധ പുലർത്തിയിട്ടുണ്ട്. ജീവനക്കാർ പുതുതായി ഓഫീസിൽ ജോലിയിൽ പ്രവേശിക്കുമ്പോഴും വിട്ടുപോകുമ്പോഴും അതാത് സമയങ്ങളിൽ തന്നെ ഓഫീസ് ഉത്തരവുകൾ മുഖേന ചുമതലകളും മറ്റ് നിർദ്ദേശങ്ങളും നൽകി വരുന്നുണ്ട്. മിക്കവാറും എല്ലാ മാസങ്ങളിലും ഓഫീസ് മീറ്റിംഗ് ചേർന്ന് ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും അവലോകനം ചെയ്തിട്ടുണ്ട്. എന്നിരുന്നാലും ജീവനക്കാരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും നിർവചിച്ചുകൊണ്ടുള്ള സമഗ്രമായ ജോലി വിഭജന രേഖ തയ്യാറാക്കിയിട്ടില്ല. 2023-24 കാലയളവിൽ LGMS സോഫ്റ്റ് വെയർ വഴിയാണ് സാമ്പത്തിക വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. ഫ്രണ്ട് ഓഫീസ് മുഖേന കാര്യക്ഷമമായ നിലയിൽ പൊതുജനങ്ങൾക്ക് സേവനം നൽകുന്നുണ്ട്. വിവിധ വരവുകൾ യഥാസമയം തന്നെ

ബാങ്കുകളിൽ ഒടുക്കിവരുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മിറ്റി ഓഡിറ്റ് വർഷം 9 തവണ യോഗം ചേർന്നിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് നിർവഹണ ഉദ്യോഗസ്ഥരുടെ യോഗം മിക്കവാറും എല്ലാമാസങ്ങളിലും വിളിച്ച ചേർത്ത് പ്രവർത്തന പുരോഗതി അവലോകനം ചെയ്തിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നികുതി പിരിവ് അവലോകനവും പ്രതിമാസ വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുന്നതും പദ്ധതി ചെലവ് പുരോഗതി അവലോകനവും ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങളുമാണ് മുഖ്യമായും അജണ്ടകളായി ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ തനതു വരുമാന വർദ്ധനവിന് ഉതകുന്ന രീതിയിലുള്ള നിർദ്ദേശങ്ങളോ മറ്റ് വരുമാന സ്രോതസ്സുകളെപ്പറ്റിയോ ഉള്ള ചർച്ചകളോ ഉണ്ടായിട്ടില്ല.

## 1-10 ഗ്രാമ സഭ /വർക്കിംഗ് ഗ്രൂപ്പ്

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3 പ്രകാരം കുറഞ്ഞപക്ഷം മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം ചേരേണ്ടതാണ്. എന്നാൽ ഓഡിറ്റ് കലയളവിൽ 2023- 24 വർഷം ആകെയുള്ള 17 വാർഡുകളിലും രണ്ട് തവണ മാത്രമേ ഗ്രാമസഭകൾ ചേർന്നിട്ടുള്ളൂ. ജൂൺ, ഡിസംബർ മാസങ്ങളിലാണ് ഗ്രാമസഭകൾ ചേർന്നിട്ടുള്ളത്. നിയമാനുസൃത ഗ്രാമസഭകൾക്ക് പുറമെ ഡിസംബർ മാസത്തിൽ ഭിന്നശേഷി ഗ്രാമസഭ, പട്ടിക ജാതി ഗ്രാമ സഭ, വയോജന ഗ്രാമസഭ തുടങ്ങിയ പ്രത്യേക ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. 2023-24 വർഷത്തെ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വികസന സെമിനാർ 30.12.2022 തീയതിലും 2024-25 വർഷത്തെ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായുള്ള വികസന സെമിനാർ 22.12.2023 തീയതിലും നടന്നു. 2023-24 കാലയളവിൽ ഗ്രാമ പഞ്ചായത്ത് ആസൂത്രണസമിതി മൂന്ന് തവണയാണ് യോഗം ചേർന്നിട്ടുള്ളത്.പഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ ജൂലൈ, നവമ്പർ, ഡിസംബർ മാസങ്ങളിൽ ചേർന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗ മിനിട്സുകളുടെ സൂക്ഷിപ്പും പരിപാലനവും തൃപ്തികരമല്ല. മിനിട്സുകളിൽ യോഗ തീരുമാനങ്ങൾ വ്യക്തമായി എഴുതുന്നില്ല. യോഗം എന്തിന് വേണ്ടി ചേർന്നെന്നും യോഗത്തിലെടുത്ത തീരുമാനങ്ങൾ എന്തൊക്കെയാണെന്നും വിശദമായി എഴുതി ഉത്തരവാദപ്പെട്ടവർ ഒപ്പ് വച്ച് ക്ലോസ് ചെയ്യാതെയാണ് യോഗ മിനുട്ട്സ് സൂക്ഷിക്കുന്നത്. വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗമിനിട്സുകളുടെ പരിപാലനം കുറ്റമറ്റ രീതിയിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുന്നു.

സർക്കാരിന്റെ 22.03.2023 ലെ സ ഉ (കൈ) നം.77/2023/തസ്വഭവ പ്രകാരം 01-04-2023 പ്രാബല്യത്തിൽ നിലവിലുള്ള നികുതിദായകരുടെയും പുതിയ നികുതിദായകരുടെയും വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതുണ്ട്. ഫീൽഡ് പരിശോധന പ്രകാരമുള്ള വിവരങ്ങളുടെയും ലഭ്യമായ 9 ബി ഫാറത്തിന്റെയും അടിസ്ഥാനത്തിൽ അധിക നിർമ്മാണം നടത്തിയത് കാരണം ഘടനാപരമായും ഉപയോഗക്രമത്തിലും ഉൾപ്പെടെയുള്ള മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതുമുണ്ട്. ഇതിനാവശ്യമായ പരിശോധനകൾ എത്രയും വേഗം പൂർത്തീകരിക്കുവാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുമുണ്ട്. എന്നാൽ 01-04-2023 ന് മുൻപ് നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണം ഗ്രാമപഞ്ചായത്തിൽ ഇതുവരെ നടപ്പിലാക്കപ്പെട്ടിട്ടില്ല. കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിക്കുന്നതിന് വേണ്ടി ഇതുവരെ സ്വീകരിച്ച നടപടിക്രമങ്ങളുടെ വിവരവും പുരോഗതി വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 4/6.11.24) മറുപടിയായി നിലവിൽ ചൊക്ലി ഗ്രാമപഞ്ചായത്തിൽ 8 വാർഡുകളിൽ പരിഷ്കരണത്തിന്റെ ഭാഗമായുള്ള ഫീൽഡ് പരിശോധന നടന്നുവരുന്നുണ്ടെന്നും 2 എന്യൂമറേറ്റർമാരെ പുതുതായി നിയമിച്ചിട്ടുണ്ടെന്നും 3. 4, 5, 6, 7, 8, 9 വാർഡുകളിൽ പരിശോധന പൂർത്തിയായിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഫീൽഡ് പരിശോധനാ റിപ്പോർട്ടുകൾ രേഖപ്പെടുത്തുന്നതിന് സഞ്ചയ സോഫ്റ്റ്‌വെയറിൽ അപ്ഡേഷൻ വന്നിട്ടില്ല എന്നും ആയത് വരുന്ന മുറയ്ക്ക് മേൽ ഉത്തരവ് പ്രകാരം ബാക്കിയുള്ള വാർഡുകളിൽ ഫീൽഡ് പരിശോന നടത്തി കൂട്ടിച്ചേർക്കലുകളും മാറ്റം വരുത്തലും നടത്തിയിട്ടുണ്ടെങ്കിൽ ആ കാലയളവ് മുതലുള്ള വസ്തുനികുതി ഈടാക്കുന്നതാണ് എന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മുഴവൻ കെട്ടിടങ്ങളുടെയും പരിശോധന പൂർത്തിയാക്കി നികുതി പുനർനിർണയം നടത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-12 തൊഴിൽ നികുതി അടവാക്കുന്നതിൽ കാലതാമസം വരുത്തിയ നികുതിദായകരിൽ നിന്നും വർദ്ധിപ്പിച്ച നിരക്കിലുള്ള (2% നിരക്കിൽ) പിഴ ഈടാക്കിയില്ല.

1. സർക്കാരിന്റെ 28-03-2023 തീയതിയിലെ നമ്പർ 15 (2) ലെഗ്.എ2/2023/നിയമം ഉത്തരവ് പ്രകാരം 01-04-2023 പ്രാബല്യത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് **209 ഇ** വകുപ്പിന് വരുത്തിയ ഭേദഗതി പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ടിലെയോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ ബൈലോകളിലെയോ വ്യവസ്ഥകൾക്ക് കീഴിൽ നിയമാനുസൃതമായ ഏതെങ്കിലും തുക അത് നൽകേണ്ടതായ തീയതിയിൽ നൽകാത്ത പക്ഷം അത് നൽകേണ്ടതായ

തീയതി മുതൽ പ്രതിമാസം രണ്ട് ശതമാനം നിരക്കിലുള്ള (ഒരു ശതമാനമായിരുന്നത് 01-04-2023 പ്രാബല്യത്തിൽ രണ്ട് ശതമാനമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്) പിഴ ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് (ഒരു അർദ്ധവർഷത്തിൽ നൽകേണ്ടതായി തീർന്നതും നൽകേണ്ടതുമായ ഏതെങ്കിലും തുക അതേ അർദ്ധവർഷത്തിൽ നൽകുന്ന പക്ഷം പിഴ ഈടാക്കേണ്ടതില്ല). എന്നാൽ ഒന്നാം അർദ്ധവർഷത്തിലെ തൊഴിൽനികുതിയിനത്തിൽ നൽകേണ്ട തുക ആ അർദ്ധവർഷം തന്നെ നൽകാതിരുന്നപ്പോൾ 2 ശതമാനം നിരക്കിൽ പിഴ ഈടാക്കുന്നതിന് പകരം ഒരു ശതമാനം നിരക്കിൽ മാത്രമാണ് നികുതിദായകരിൽ നിന്നും ഗ്രാമപഞ്ചായത്ത് പിഴ ഈടാക്കിയതെന്ന് തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് വ്യക്തമായിട്ടുണ്ട്.

2. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.08.2000 തീയ്യതിയിലെ 51457/എൻ 1/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതിക്ക് പിഴ പലിശ നൽകേണ്ടിവരുന്ന തീയ്യതി സെപ്തംബർ ഒന്നു മുതലാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചൊക്ലി ഗ്രാമപഞ്ചായത്തിൽ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി സെപ്തംബർ മാസത്തിന് ശേഷം അടച്ചപ്പോൾ നികുതിക്ക് പിഴ കണക്കാക്കിയത് ഒക്ടോബർ മാസം മുതലാണ്. ചില നികുതി ദായകരിൽ നിന്ന് പിഴ ഈടാക്കിയിട്ടുമില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ഈടാക്കിയ തുക, രസീത് നമ്പർ | ഈടാക്കിയ പിഴ | ഈടാക്കേണ്ട പിഴ | പിഴയിനത്തിലെ കുറവ് |
|---|---|---|---|---|
| കാനറ ബാങ്ക്, ചൊക്ലി (7 ജീവനക്കാർ) | 10000/- (8750+1250) 1230102364/12-10-23 | 0 | 400 | 400 |
| സിബിന വി വി, അക്കൗണ്ടന്റ്, കുടുംബശ്രീ ഓഫീസ് | 1020/- 1230700416/4-11-23 (1000+20) | 20 | 60 | 40 |
| ഗ്രാമന്യായാലയം, പാനൂർ, ചൊക്ലി (9 ജീവനക്കാർ) | 10750/- 1230102248/7-10-23 | 0 | 430 | 430 |
| വസന്തകുമാർ, എൽ ബി എസ് | 1236/- (600+600+36) (600 രണ്ടാം അർദ്ധവർഷ തൊഴിൽ നികുതി) 1231100679/22-3-24 | 36 | 84 | 48 |
| മെഡിനോവ ഡയഗ്നോസ്റ്റിക് സെന്റർ(5 ജീവനക്കാർ) | 2250/- 1230102411/16-10-23 | 0 | 90 | 90 |
| മധുരം ന്യൂട്രിമിക്സ് (5 ജീവനക്കാർ) | 3090/- (1500+1500+90) (1500 രണ്ടാം അർദ്ധവർഷ തൊഴിൽ നികുതി) 1231100846/26-3-24 | 90 | 210 | 120 |
| കല്പക ടിമ്പേർസ് (5 ജീവനക്കാർ) | 1496/- (720+720+29) (720 രണ്ടാം അർദ്ധവർഷ തൊഴിൽ നികുതി) 1230702570/2-2-24 | 29 | 86 | 57 |
| ബഡ്സ് സ്കൂൾ (6 ജീവനക്കാർ) | 5929/- (5870+ 59) 1230700349/3-11-23 | 59 | 352 | 293 |
| ന്യൂ ഇന്ത്യ എഷ്വറൻസ് | 5000/- | 0 | 200 | 200 |

| | | | | |
|---|---|---|---|---|
| കമ്പനി | (3750+1250)<br>1230102249/7-10-23 | | | |
| റിതേഷ് കെ ടി<br>സ്റ്റീൽ പൈപ്പ് വില്പന | 1700/-<br>(600+600)+500 (600 രണ്ടാം അർദ്ധവർഷ തൊഴിൽ നികുതി,500 ലൈസൻസ് ഫീസ്)<br>31101039/31-3-24 | 0 | 84 | 84 |

പട്ടികയിലെ ഉദാഹരണങ്ങളിൽ പരാമർശിച്ചവരിൽനിന്നുൾപ്പെടെ 2023-2024 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി വൈകി അടവാക്കിയ നികുതിദായകരിൽ നിന്നും കുറഞ്ഞ നിരക്കിൽ പിഴ ഈടാക്കിയത്/പിഴ ഈടാക്കാതിരുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/6-11-2024) മേൽ പട്ടികയിൽ പരാമർശിച്ച സിബിന വി വി, അക്കൗണ്ടന്റ് കുടുംബശ്രീ ഓഫീസ്, ഗ്രാമന്യായാലയം പാനൂർ ചൊക്ലി, കല്പക ടിമ്പേർസ്, മെഡിനോവ ഡയഗ്നോസ്റ്റിക് സെന്റർ എന്നിവരിൽ നിന്നും പിഴ ഈടാക്കിതയിന്റെ രേഖകൾ മാത്രമാണ് മറുപടിയായി നൽകിയിട്ടുള്ളത്. വർദ്ധിപ്പിച്ച നിരക്കിൽ പിഴ ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശിച്ച നിരക്കിൽ പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി അപാകങ്ങൾ.

2023-24 വർഷത്തെ തൊഴിൽനികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. സ്ഥാപനങ്ങളുടെ ലിസ്റ്റ് പൂർണ്ണമല്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ സ്ഥാപനങ്ങളുടെ ലിസ്റ്റിൽ (ജീവനക്കാരുടെ തൊഴിൽനികുതി രജിസ്റ്ററിൽ ആദ്യഭാഗത്ത് ചേർത്തത്) ആകെ 91 സ്ഥാപനങ്ങളാണ് ഉള്ളത്. എന്നാൽ രജിസ്റ്ററിൽ 96 സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ട്.

2. ഓഡിറ്റിന് ലഭ്യമാക്കിയ ട്രേഡേഴ്സിന്റെ തൊഴിൽനികുതി രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന സ്ഥാപന ഉടമകൾ/ തൊഴിൽദായകർ നികുതി ഒടുക്കിയിട്ടുണ്ടെങ്കിലും ടി സ്ഥാപനങ്ങൾ സ്ഥാപന രജിസ്റ്ററിൽ ഉൾപ്പെടുകയോ ഇവിടെ ജോലിചെയ്യുന്ന ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതായോ കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനം | തൊഴിൽനികുതി ഒടുക്കിയ വ്യക്തിയുടെ പേര് | ഒടുക്കിയ നികുതി | രശീത് നമ്പർ/ തീയതി |
|---|---|---|---|---|
| 57 | ആയുർവ്വേദ ക്ലിനിക് | ഡോ.സ്മേര വി പി, ചാലക്കര, ന്യൂമാഹി | 600 | 100277/5-5-23 |
| 61 | ഡെന്റൽ ക്ലിനിക് | അഹമ്മദ് എ സി, ആച്ചോത്ത് വീട്, കല്ലിക്കണ്ടി | 2500 | 101787/4-9-23 |
| 149 | ഡെന്റൽ ക്ലിനിക് | നിസാർ ടി, അലിഘർ, മേക്കുന്ന് | 1250 | 31000119/6-3-24 |
| 245 | ക്ലിനിക് & ലബോറട്ടറി | അലി നഹമ്മദ് സമീർ, സുമാന മൻസിൽ, കുഞ്ഞിപ്പള്ളി | 1500 | 107482/2-3-24 |
| 246 | ക്രഷർ | കെ റാഷിദ്, കല്ലുക്കണ്ടി ഹൗസ്, ചൊക്ലി | 2500 | 107560/4-3-23 |
| 295 | ഗ്യാസ് ഏജൻസി | അനുപമ പി, കളഭം, നാലുതറ, പള്ളൂർ | 2000 | 100717/6-6-23 |
| 319 | ഫിസിയോ തെറാപ്പി സെന്റർ | സിനിഷ കെ, കുനിയിൽ ഹൗസ്, ഈസ്റ്റ് പള്ളൂർ | 600 | 101015/30-6-23 |

| | | | | |
|---|---|---|---|---|
| 352 | ഫിസിയോ തെറാപ്പി ക്ലിനിക് | തേജസ്വി എം കെ, മൊകേരി | 600 | 100656/1-6-23 |
| 359 | ലൈഫ് കെയർ ലബോറട്ടറി | വിനില കെ പി, കച്ചേരിപറമ്പത്ത് | 1200 | 101390/2-8-23 |
| 545 | ഡെന്റൽ ക്ലിനിക് | ഡോ.ജിതേഷ് കെ കെ, ഗ്രാമത്തി, ചൊക്ലി | 1850 | 101889/11-9-23 |
| 557 | കളക്ഷൻ സെന്റർ(ലബോറട്ടറി) | ഡോ.ഇ സജീവൻ, തിരുവങ്ങാട് | 600 | 701059/13-11-23 |
| 605* | ഫർണിച്ചർ, മാറ്ററസ്സ് സെയിൽ | അഫ്സൽ എ സി, സഫ്‌വാൻ | 2000 | 31100236, 15-03-24 |
| 431* | അസ്ഹർ എൻ ടി കെ | കായികപരമായ ആവശ്യത്തിന് (സ്പോർട്സ് ഓഫീസ്) | 1000 | 101163, 12-07-23 |
| 418* | Fathesingh G G | വസ്ത്രക്കട | 1000 | 101071, 5-07-23 |
| 126* | ഇസ്സത്ത് സി എച്ച് | ടൈൽസ് ഗോഡൗൺ | 2000 | 108054, 21-03-23 |
| 74* | പി അഹ്ദുൾ അസീസ് | സൂപ്പർമാർക്കറ്റ് | 2000 | 107738, 10-03-23 |

*FTE&OS Licence Permision Register പ്രകാരം

മേല്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്തതിന്റെയും നികുതി ഈടാക്കിയതിന്റെയും വിവരം ലഭ്യമാക്കേണ്ടതാണ്.

3. നിശ്ചിത സമയപരിധിക്കുള്ളിൽ തൊഴിൽനികുതി ഒടുക്കാതെ താമസിച്ച് നികുതി ഒടുക്കിയവരിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ടെങ്കിലും ആയത് രജിസ്റ്ററുകളിൽ (ജീവനക്കാർ, വ്യാപാരികൾ) ചേർത്തിട്ടില്ല.
അപാകങ്ങൾ പരിഹരിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/8-11-2024) 2023-24 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ ഇൻഡക്സിൽ പുതുതായി വന്ന സ്ഥാപനങ്ങൾ ചേർക്കാൻ വിട്ടുപോയിട്ടുണ്ടെന്നും ലൈസൻസ് അപേക്ഷ പരിശോധിച്ച് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേല്പറഞ്ഞ അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-14 സ്വിമ്മിങ്പൂളുകൾ, ടർഫ് കോർട്ട്, ജിംനേഷ്യങ്ങൾ -വസ്തു നികുതി, തൊഴിൽ നികുതി ഈടാക്കിയില്ല.

സ.ഉ.(അച്ചടി) നം.25/2023/LSGD തീയതി. 05-04-23, എസ് ആർ ഒ നമ്പർ 479/2023 എന്നീ വിജ്ഞാപന പ്രകാരം സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ എന്നിവയ്ക്ക് ഈടാക്കാവുന്ന കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്ക് താഴെ കൊടുക്കുന്നു.

| കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം | ഏറ്റവും കുറഞ്ഞ നിരക്ക് (രൂപ) | ഏറ്റവും കൂടിയ നിരക്ക് (രൂപ) |
|---|---|---|
| സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ (ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശി ക്കാവുന്നവ/വാണിജ്യ സ്വഭാവത്തോടു കൂടിയവ) | 25 | 45 |

ഗ്രാമ പഞ്ചായത്തിലെ കീഴ്മാടം എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന Azco The Games Arena എന്ന കളിസ്ഥലത്തിന് ലൈസൻസ് അനുവദിച്ചതിന്റെയും തൊഴിൽനികുതി ഈടാക്കിയതിന്റെയും കേരളോത്സവത്തിന്റെ ഭാഗമായി ഇവിടെ നടന്ന ഫുട്ബാൾ, ക്രിക്കറ്റ് മത്സരങ്ങൾക്ക് ഗ്രാമ പഞ്ചായത്ത് ഗ്രൗണ്ട് വാടക നൽകിയതിന്റെയും വിവരങ്ങൾ ചുവടെ

കൊടുക്കുന്നു.

1. ലൈസൻസ് പെർമിഷൻ രജിസ്റ്റർ ക്രമ നമ്പർ 431 പ്രകാരം അസ്ഹർ എൻ ടി കെ എന്ന വ്യക്തിക്ക് V -ാം വാർഡ് തങ്ങൾ റോഡിൽ (കെട്ടിട നമ്പർ V/412 E) കായികപരമായ ആവശ്യത്തിനുള്ള സ്പോർട്സ് ഓഫീസിന് (Azco The Games Arena, Keezhmadam) എഫ് ടി ഇ & ഒ എസ് ലൈസൻസ് അനുവദിച്ചിട്ടുണ്ട് (ലൈസൻസ് ഫീ ₹1000, തൊഴിൽനികുതി ₹1200, രശീത് നമ്പർ 101163/12-7-2023).

2. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ കേരളോത്സവം പ്രോജക്ടിന്റെ (പ്രോജക്ട് നമ്പർ 69/24) ഭാഗമായി ഫുട്ബാൾ, ക്രിക്കറ്റ് മത്സരങ്ങൾ നടത്തിയതിന്റെ (രാവിലെ 8 മണി മുതൽ വൈകുന്നേരം 6 മണി വരെ) ഗ്രൗണ്ട് വാടകയിനത്തിൽ ബിൽ നമ്പർ 632/16-10-23, ബിൽ നമ്പർ 634/4-10-23 എന്നിവ പ്രകാരം ₹9000 വീതം Azco The Games Arena, Keezhmadam എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട് (എ സി ആർ ബിൽ നമ്പർ 171/1-12-2023 ₹67654, 225/27-12-2023 ₹75000).

ചൊക്ലി ഗ്രാമ പഞ്ചായത്തിന്റെ 04-10-2023 തീയതിയിലെ എസ് സി.2.4612/23 നമ്പർ അന്തിമവിജ്ഞാപന പ്രകാരം (ഭരണസമിതിയുടെ 14-09-2023 തീയതിയിലെ 393/2023 നമ്പർ തീരുമാനം) പഞ്ചായത്ത് പരിധിയിലെ സ്വിമ്മിങ്പൂളുകൾ, ടർഫുകൾ, ജിംനേഷ്യങ്ങൾ (ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/വാണിജ്യ സ്വഭാവത്തോട് കൂടിയവ) എന്നിവയ്ക്ക് ഏർപ്പെടുത്തിയ നികുതി നിരക്ക് 40 രൂപയാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ നിന്നും സ്വിമ്മിങ്പൂളുകൾ, ടർഫ് കോർട്ട്, ജിംനേഷ്യങ്ങൾ മുതലായവയിൽ നിന്നും നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

V-ാം വാർഡിലെ Azco The Games Arena, Keezhmadam എന്ന സ്ഥാപനത്തിലുള്ള കെട്ടിടങ്ങൾക്ക് പെർമിറ്റ് നമ്പർ A2/6163/19-20, തീയതി 07/01/2020 പ്രകാരം ഓഫീസ് ആവശ്യത്തിനുള്ളവ - വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പെടെ, സ്വകാര്യാവശ്യത്തിനുള്ള ഓഫീസ് കെട്ടിടം എന്ന ഉപയോഗക്രമത്തിൽപെടുത്തി 412 E (82.32 ച.മീ.), 412 F (151.64 ച.മീ.) എന്നീ നമ്പർ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇവിടെയുള്ള കളിസ്ഥലങ്ങൾക്ക് നികുതി നിർണ്ണയിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്വിമ്മിങ്പൂളുകൾ, ടർഫ് ഗ്രൗണ്ടുകൾ, ജിംനേഷ്യങ്ങൾ മുതലായവ പ്രവർത്തിക്കുന്നുണ്ടോ എന്നും ഇവയ്ക്ക് വസ്തുനികുതി ചുമത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും Azco The Games Arena എന്ന സ്ഥാപനത്തോടനുബന്ധിച്ചുള്ള കെട്ടിടങ്ങൾ/കളിസ്ഥലങ്ങളുടെയും അവയ്ക്ക് ഗ്രാമ പഞ്ചായത്ത് കെട്ടിട നമ്പർ, ലൈസൻസ് എന്നിവ അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെയും ഈ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/8-11-2024) 5/412 E, 412 F എന്നീ നമ്പർ കെട്ടിടങ്ങൾ ജി.ഒ. 25/23 നമ്പർ ഉത്തരവ് പ്രകാരമുള്ള വസ്തു നികുതി നിരക്ക് പ്രാബല്യത്തിൽ വന്ന തീയതിയായ 2023 ഏപ്രിൽ 1-ന് മുമ്പ് പണി തീർന്നിട്ടുള്ളതും കെട്ടിട നമ്പർ അനുവദിച്ചതുമാണെന്നും ഇവ ഓഫീസ് ആവശ്യത്തിനുള്ളവ എന്ന രീതിയിൽ പെർമിറ്റ് നേടിയിട്ടുള്ളതും അപ്രകാരം പണി പൂർത്തീകരിച്ചതുമാണെന്നും 512 E എന്നീ കെട്ടിടത്തിന് കായികപരമായ ആവശ്യത്തിനുള്ള സ്പോർട്സ് ഓഫീസ് എന്ന ആവശ്യത്തിന് എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് അനുവദിച്ചതുമണെന്നാണ് മറുപടി ലഭ്യമാക്കിയത്. ഈ കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 50 രൂപ നിരക്കിലാണ് നികുതി നിശ്ചയിച്ചതെന്നും സ്വിമ്മിംഗ് പൂൾ, ടർഫ് എന്നിവയ്ക്ക് 40 രൂപയാണ് പുതിയ നിരക്ക് ഏർപ്പെടുത്തിയതെന്നും ആയതിനാൽ നഷ്ടം സംഭവിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. ഓഫീസ് കെട്ടിടങ്ങൾ ഒഴികെ അവിടെ പണി കഴിപ്പിച്ച കളിസ്ഥലങ്ങൾക്ക് നികുതി നിശ്ചയിക്കാത്ത സാഹചര്യമാണ് ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയത്. 2023 ഏപ്രിൽ 1-ന് ശേഷം പുതിയ ടർഫുകൾ സ്വിമ്മിംഗ് പൂളുകൾ എന്നിവയ്ക്ക് നികുതി നിശ്ചയിച്ച് കെട്ടിട നമ്പർ അനുവദിച്ചിട്ടില്ല എന്ന വാദം ശരിയല്ല. ആയതിനാൽ ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. Azco The Games Arena എന്ന സ്ഥാപനത്തിൽ സ്ഥലപരിശോധന നടത്തി അവിടെ ഓഫീസ് കെട്ടിടങ്ങളോടനുബന്ധിച്ച് ഏതെല്ലാം കളിസ്ഥലങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് കണ്ടെത്തേണ്ടതും അവയ്ക്ക് നിയമ പ്രകാരം വസ്തുനികുതി നിർണ്ണയിച്ച് വിവരം ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ ഇവിടെ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

## 1-15 എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് ഈടാക്കുന്നതിലെ അപാകങ്ങൾ.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31-10-17ലെ ജി.ഒ.(പി)നം.80/2017 പ്രകാരം ഡി&ഒ ലൈസൻസ് ചട്ടം ഭേദഗതി ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട ഏറ്റവും കുറഞ്ഞ ഫീസായ 500 രൂപയിലും കുറവ് തുകയാണ് താഴെ പറയുന്ന സംരംഭകരിൽ നിന്നും ഈടാക്കിയത്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഉടമയുടെ പേര് | കെട്ടിട നമ്പർ/സംരഭം | ഈടാക്കിയ ഫീസ്(₹) | രശീത് നമ്പർ, തീയതി |
|---|---|---|---|---|
| 1 | ദാമോദരൻ എം പി | 9/500<br>പച്ചക്കറി കച്ചവടം | 400 | 106918,<br>15-02-23 |

| | | | | |
|---|---|---|---|---|
| 2 | ഷാജി പി കെ | 4/339 A<br>ഹാർഡ്‌വെയർ, സ്റ്റീൽ പൈപ്പുകൾ, അലൂമിനിയം ചാനൽ Etc. | 200 | 107856, 15-03-2023 |
| 3 | ചന്ദ്രൻ എ | 11/530<br>വാടക സാധനങ്ങൾ സ്റ്റോക്ക് ചെയ്ത് വിതരണം നടത്തുന്നതിന് | 200 | 100177, 27-4-2023 |
| 4 | ടി പി ബാലൻ | 3/425<br>ചായ, സ്നാക്സ്, ജ്യൂസ് കച്ചവടം | 200 | 100312, 9-05-2023 |
| 5 | ഷിജു പി | 9/247 C, D<br>കാർ പോളിഷ് | 400 | 100784, 12-06-2023 |
| 6 | ഇസ്മയിൽ അബ്ദുള്ള | 17/143 B<br>അനാദി, സ്റ്റേഷനറി | 400 | 101232, 19-07-2023 |
| 7 | താജുദ്ദീൻ | 14/174 B<br>പലചരക്ക് കച്ചവടം | 200 | 31100370, 18-3-2024 |

31.10.2017 ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതു പ്രകാരം ലൈസൻസ് ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നും മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നും ഇവ ഓരോന്നിനും ബാധകമായ ലൈസൻസ് ഫീസ് നിരക്ക് എത്രയാണെന്നും ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കേണ്ടിയിരുന്നു. മേല്പറഞ്ഞ പ്രകാരം കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ കാരണം വ്യക്തമാക്കുന്നതിനും ഉത്തരവ് പ്രകാരം ചൊക്ലി ഗ്രാമപഞ്ചായത്തിലെ വ്യാപാര സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നിശ്ചയിച്ച ലൈസൻസ് ഫീസ് നിരക്ക്, ആയതുമായി ബന്ധപ്പെട്ട ഭരണസമിതി തീരുമാനം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/8-11-2024) ലൈസൻസ് ഫീസ് ക്രമീകരിക്കുന്നതിനുള്ള ഭരണസമിതി തീരുമാനം എടുത്തതായി കാണുന്നില്ല എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് നിശ്ചയിച്ച നിരക്ക് സംബന്ധിച്ച രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്റർ, പെർമിഷൻ രജിസ്റ്റർ എന്നിവ പ്രകാരം ഭൂരിഭാഗം അപേക്ഷകളിലും അഞ്ഞൂറ് രൂപയും അതിൽ താഴെയും മാത്രമാണ് ഫീസ് ഈടാക്കിയിട്ടുള്ളത്. ആയതിനാൽതന്നെ ഭേദഗതി ഉത്തരവ് പ്രകാരം ലൈസൻസ് ഫീസിൽ കാലികമായ വർദ്ധനവ് ഉണ്ടാകുന്നില്ല എന്ന വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു. ഭരണസമിതി തീരുമാനം പ്രകാരം വ്യാപാര സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിച്ച് അതിനനുസരിച്ചുള്ള ലൈസൻസ് ഫീസ് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 ഇ-ടെണ്ടർ ഫീസിനുള്ള അക്കൗണ്ട് ആരംഭിച്ചിട്ടും ഇടപാടുകൾ ആരംഭിച്ചില്ല - അക്കൗണ്ട് ഉപയോഗിച്ചത് മറ്റ് ഓഫീസ് ആവശ്യങ്ങൾക്ക് .

സർക്കാരിന്റെ 28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുവാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ഫീസ് ഇനത്തിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് അനുവദിക്കുകയാണ് ആദ്യഘട്ടത്തിൽ ചെയ്തിരുന്നത്.പിന്നീട് അസിസ്റ്റന്റ് എൻജിനിയർ ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫീസ് അടവാക്കുന്നതിന് എസ്.ബി.ഐയിൽ പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങണമെന്ന് സ.ഉ.(സാധാ) നം.3186/17 ത.സ്വ.ഭ.വ തീയ്യതി. 2-10-2017 സർക്കാർ ഉത്തരവായിട്ടുണ്ട്.ഇതനുസരിച്ച് ചൊക്ലി ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനിയറുടെ പേരിൽ എസ്.ബി.ഐയിൽ 02.05.2023 തീയ്യതിയിൽ ഒരു അക്കൗണ്ട് (നം.00000041871267898) ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഈ അക്കൗണ്ടിൽ ഇതുവരെയായും ടെണ്ടർ ഫീസ് ഇടപാടുകൾ

ആരംഭിച്ചിട്ടില്ല. പകരം സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് ടെണ്ടർ ഫീസ് ക്രഡിറ്റ് ചെയ്ത് വന്നിട്ടുള്ളത്. അസിസ്റ്റന്റ് എൻജിനിയറുടെ പേരിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ട് ജി.എസ്.ടി, ഐ.ടി മുതലായ റിട്ടേണുകൾ ഫയൽ ചെയ്യുന്ന ആവശ്യത്തിനു വേണ്ടിയാണ് ഉപയോഗിച്ചുവരുന്നതെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/06.11.24) ലഭ്യമാക്കിയ മറുപടി. ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫീസ് അടവാക്കുന്നതിന്റെ ആവശ്യത്തിനായി തുടങ്ങിയ അക്കൗണ്ട് സർക്കാർ നിർദ്ദേശമില്ലാതെ മറ്റ് ഓഫീസ് ആവശ്യത്തിന് ഉപയോഗിക്കുന്നത് ശരിയല്ല. ഏത് ആവശ്യത്തിനു വേണ്ടിയാണോ അക്കൗണ്ട് തുടങ്ങിയത് ആ ആവശ്യത്തിന് മാത്രമായി അക്കൗണ്ട് ഉപയോഗിക്കേണ്ടതാണ്.

## 1-17 എ.ബി.സി പ്രോഗ്രാം -വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല-₹150000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/ പേര് | 198/24 എ.ബി.സി പ്രോഗ്രാം |
| അടങ്കൽ | ₹150000 വികസന ഫണ്ട് |
| ചെലവ് | ₹150000 ബിൽ നം : 22/15-6-23 |

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ ജി.ഒ (ആർ.ടി) 2065/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ-ബ്ലോക്ക് -ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പ്രൊജക്ടായാണ് എ.ബി.സി നടപ്പിലാക്കേണ്ടതെന്നും മുഖ്യ നിർവ്വഹണ സ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും ഇതിനുള്ള വിഹിതം ജില്ലാപഞ്ചായത്തിന് മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ കൈമാറണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പ്രൊജക്ട് പ്രകാരം ₹150000 കണ്ണൂർ ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം, പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിൽ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 8/7-11-2024) ലഭ്യമാക്കിയ മറുപടിയിൽ ജില്ലാപഞ്ചായത്തിന് വിനിയോഗസാക്ഷ്യപത്രത്തിന് വേണ്ടി കത്ത് നൽകിയിരുന്നെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജില്ലാ പഞ്ചായത്തിൽ തുക ഒടുക്കിയതിന്റെ മുൻഗണന ക്രമത്തിൽ വിനിയോഗസാക്ഷ്യപത്രം നൽകുന്നതാണെന്ന് ജില്ലാ പഞ്ചായത്തിൽ നിന്നും അറിയിച്ചിട്ടുണ്ട് എന്നും ജില്ലാ പഞ്ചായത്ത് ഷെഡ്യൂൾ ചെയ്ത ചാർട്ട് പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് നിന്നും തെരുവ് നായ്ക്കളെ പിടികൂടി വന്ധ്യംകരണം നടത്തി പഞ്ചായത്തിൽ തിരികെ കൊണ്ട് വന്നിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ ₹150000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 1-18 കെ.എസ്.ഇ.ബി-യ്ക്ക് നൽകിയ തുകകളുടെ വിനിയോഗ വിവരം ലഭ്യമല്ല ₹37274 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2023-24 വർഷം കെ എസ് ഇ ബിക്ക് നൽകിയ താഴെ പറയുന്ന ചെലവ് തുകകളുടെ വിനിയോഗ വിവരം ലഭ്യമല്ല.

1. വൗച്ചർ നമ്പർ 22301019 Dt 17-2-2024 - പത്താം വാർഡിൽ ആലോളുതിൽ മത്തിപ്പറമ്പ് റോഡ് ഡ്രൈയിനേജ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഇലക്ട്രിക്ക് പോസ്റ്റ് മാറ്റുന്നതിന് കെ എസ് ഇ ബിക്ക് എസ്റ്റിമേറ്റ് പ്രകാരം നൽകിയ തുക: ₹9017
2. വൗച്ചർ നമ്പർ 22301196 Dt 21-3-2024 -റോഡ് വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട് ഇലക്ട്രിക്ക് പോസ്റ്റ് മാറ്റുന്നതിന് കെ എസ് ഇ ബിക്ക് എസ്റ്റിമേറ്റ് പ്രകാരം നൽകിയ തുക: ₹8937
3. വൗച്ചർ നമ്പർ 22301018 Dt 17-2-2024 പത്താം വാർഡിൽ ആലോളുതിൽ മത്തിപ്പറമ്പ് റോഡ് ഡ്രൈയിനേജ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഇലക്ട്രിക്ക് പോസ്റ്റ് മാറ്റുന്നതിന് കെ എസ് ഇ ബിക്ക് എസ്റ്റിമേറ്റ് പ്രകാരം നൽകിയ തുക:₹6476
4. വൗച്ചർ നമ്പർ 22300144 Dt 25-5-2023 എട്ടാം വാർഡിൽ മീത്തലെ വയൽ ഫൂട്ട് പാത്ത് റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായി ഇലക്ട്രിക്ക് പോസ്റ്റ് മാറ്റുന്നതിന് കെ എസ് ഇ ബിക്ക് എസ്റ്റിമേറ്റ് പ്രകാരം നൽകിയ തുക: ₹12844

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ. പൂർത്തീകരണ വിവരം/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹37274 (9017+8937+6476+12844) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണ പദ്ധതി- അപാകങ്ങൾ

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ടിന്റെ പേര്/ നമ്പർ | 85/24 കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണ പദ്ധതി |
| അടങ്കൽ | 350000 (വികസന ഫണ്ട്- ജനറൽ ) |
| ചെലവ് | ₹98000 ബിൽ നമ്പർ: 118/06.11.2023<br>₹74000 ബിൽ നമ്പർ: 183/07.12.2023<br>₹74000 ബിൽ നമ്പർ: 230/29.12.2023<br>ആകെ: ₹246000 |

ഗ്രാമ പഞ്ചായത്ത് പരിധിയിലെ ക്ഷീരകർഷകർക്ക് ക്ഷീരസംഘങ്ങൾ വഴി ഓരോ കറവപ്പശുവിനും പ്രതിമാസം 100 KG കാലിത്തീറ്റ 50% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ളതാണ് മേൽ പ്രോജക്ട്. പദ്ധതി പ്രകാരം ഒക്ടോബർ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിൽ കാലിത്തീറ്റ വിതരണം ചെയ്യതിട്ടുണ്ട്. പ്രോജക്ട് നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകങ്ങളുണ്ട്.

ഗ്രാമ പഞ്ചായത്തലെ ക്ഷീരകർഷകർക്ക് ക്ഷീരസംഘങ്ങൾ വഴി ഓരോ കറവപ്പശുവിനും പ്രതിമാസം 100 KG കാലിത്തീറ്റ 50% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ളതാണ് മേൽ പ്രോജക്ട്. ഇതു പ്രകാരം ചൊക്ലി ക്ഷീര വ്യവസായ സംഘം മുഖാന്തിരം കാലിത്തീറ്റ വിതരണം ചെയ്തിട്ടുണ്ട്. ബിൽ നമ്പർ 118/6-11-2023 ₹ 98000 പ്രകാരം 70 ക്ഷീരകർഷകർക്കായി 7000 കിഗ്രാം കാലിത്തീറ്റ വിതരണം ചെയ്തതിന് ആകെ 98000 രൂപ സബ്സിഡിയും ബിൽ നമ്പർ 183/7-12-2023 ₹74000, ബിൽ നമ്പർ 230/29-12-2023 ₹74000 പ്രകാരം 148 കർഷകർക്ക് 14800 കാലിത്തീറ്റ വിതരണം ചെയ്തതിന് 148000 രൂപയും സബ്സിഡി നൽകിയിട്ടുണ്ട്. ആദ്യബില്ലിൽ 100 Kg കാലിത്തീറ്റക്ക് 1370,1470 എന്നിങ്ങനെ വ്യത്യസ്ത നിരക്കുകളിലും രണ്ടാമത്തെയും മൂന്നാമത്തെയും ബില്ലിൽ 100 Kg കാലിത്തീറ്റക്ക് 1000 രൂപയുമാണ് സബ്സിഡി നൽകിയിട്ടുള്ളത്. വിതരണം ചെയ്ത കാലിത്തീറ്റയ്ക്ക് 100 കിലോ ഗ്രാമിന് ആദ്യ ബില്ലിൽ 2740, 2940 രൂപ എന്നീ നിരക്കിലാണ് കർഷകരിൽ നിന്നും ഈടാക്കിയിട്ടുള്ളത്. എന്നാൽ അവസാന രണ്ട് ബില്ലുകളിൽ 2840 രൂപ യാണ് കർഷകരിൽ നിന്നും ഈടാക്കിയത് രണ്ട് മൂന്ന് ബില്ലുകളിൽ കർഷകർക്ക് 50% സബിസിഡി അനുവദിച്ചില്ല. വിതരണം ചെയ്ത കാലിത്തീറ്റ ഏതെന്നും വ്യക്തമല്ല.

കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി സംഘങ്ങൾ വാങ്ങിയ കേരള ഫീഡ്സ് ലിമിറ്റഡ് എലൈറ്റ് കാലിത്തീറ്റയുടെ വില ഇൻവോയിസ് പ്രകാരം 100 കി.ഗ്രാമിന് 2834 രൂപയാണ്. മിടുക്കി കാലിത്തീറ്റക്ക് 100 കി.ഗ്രാമിന് 2650, രൂപയാണ് എന്നാൽ കർഷകർക്ക് വിതരണം ചെയ്തപ്പോൾ വ്യത്യസ്ത നിരക്കിൽ കർഷകരിൽ നിന്നും തുക ഈടാക്കിയതിനും ക്രമ നമ്പർ 2, 3 ബില്ലിൽ സബ്സിഡി 50% നൽകാത്തതിനും മറുപടി നൽകാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/8-11-2024) ലഭ്യമാക്കിയ മറുപടിയിൽ അടങ്കൽ തുക കുറവായതിനാൽ കർഷകർക്ക് പരമാവധി മാസങ്ങളിൽ സബ്സിഡി നൽകാൻ വേണ്ടിയാണ് രണ്ട് മൂന്ന് ബില്ലുകളിൽ സബ്സിഡി തുക 50% നൽകാതിരുന്നത് എന്നും വരും വർഷങ്ങളിൽ പരമാവധി സബ്സിഡി നൽകുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. രണ്ട് മൂന്ന് ബില്ലുകളിൽ കേരള ഫീഡ്സിന്റെ മിടുക്കി കാലിത്തീറ്റയാണ് നൽകിയത് എന്നും ആയതിന്റെ എം ആർ പി റേറ്റ് അനുസരിച്ച് 2740 രൂപക്കാണ് കർഷകർക്ക് നൽകിയത് എന്നും ആയതിന് 1000 രൂപ സബ്സിഡി നൽകിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. ക്രമനമ്പർ ഒന്നിലെ ബില്ലിൽ 100 കിഗ്രാമിന് 2940 രൂപ വിലയുള്ള എലൈറ്റ് കാലിത്തീറ്റയും 100 കിഗ്രാമിന് 2740 രൂപ വിലയുള്ള മിടുക്കി കാലിത്തീറ്റയും നൽകിയതിനാലാണ് സബ്സിഡി 1370,1470 രൂപ എന്നിങ്ങനെ വ്യത്യസ്ത നിരക്കുകളിൽ നൽകിയത് എന്നറിയിച്ചിട്ടുണ്ട്. സബ്സിഡി നൽകുമ്പോൾ ക്ഷീര സഹകരണ സംഘങ്ങൾ കാലിത്തീറ്റ വാങ്ങിയതിന്റെ ഇൻവോയ്സ് റേറ്റ് പരിഗണിക്കാതെ കാലിത്തീറ്റയുടെ എം ആർ പി റേറ്റിൻമേലാണ് സബ്സിഡി അനുവദിക്കുന്നത് എന്നും കാലിത്തീറ്റ യുടെ കയറ്റിറക്ക് കൂലി, ഗോഡൗൺ ചാർജ്ജ്, ഹാൻഡിലിങ്ങ് ചാർജ്ജ് എന്നിവ സംഘം വഹിക്കുന്നതിനാലാണ് ഇപ്രകാരം എം ആർ പി റേറ്റിൻമേൽ സബ്സിഡി അനുവദിക്കുന്നത് എന്നറിയിച്ചിട്ടുണ്ട് 100 കിഗ്രാമിന് 2834 രൂപയുള്ള എലൈറ്റ് കാലിത്തീറ്റ. 100 കി.ഗ്രാമിന് 2650, രൂപയുള്ള മിടുക്കി കാലിത്തീറ്റ, എന്നിവ എം ആർ പി റേറ്റ് അനുസരിച്ച് കർഷകർക്ക് വിതരണം ചെയ്തപ്പോൾ

കർഷരിൽ നിന്നും അധിക തുക ഈടാക്കുന്നതായും സബ്സിഡി ഇനത്തിൽ അധിക തുക സംഘത്തിന് ലഭ്യമാവുന്നതായും കാണുന്നു. വരും വർഷങ്ങളിൽ ഇൻവോയ്സ് വിലയുടെ 50% സബ്സിഡി നൽകാൻ ശ്രദ്ധിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അപാകങ്ങൾ ആവർത്തിക്കാതിരിക്കാനും വരും വർഷങ്ങളിൽ കർഷകർക്ക് 50% സബ്സിഡി ഉറപ്പ് വരുത്താനും ശ്രദ്ധിക്കേണ്ടതാണ്.

## 1-20 ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്നുകൾ ലഭിച്ചിട്ടില്ല ₹159642 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഹോമിയോ,<br>ചൊക്ലി ഗ്രാമപഞ്ചായത്ത്. |
| പ്രൊജക്ട് നമ്പർ/ പേര് | 41/24, ഹോമിയോ ഡിസ്പൻസറിയിലേക്ക് ആവശ്യമായ മരുന്നുകൾ വാങ്ങൽ |
| അടങ്കൽ | ₹200000<br>₹200000 മെയിന്റൻസ് ഗ്രാന്റ് റോഡിതരം |
| ചെലവ് | ₹200000 ബിൽ നമ്പർ: 201/14.12.2023 |

മേൽ ബിൽ പ്രകാരമുള്ള തുക ഹോംകോ ആലപ്പുഴ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സ് നമ്പർ LF1281/24-24/16.10.2014 പ്രകാരം 40358 രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. മുഴുവൻ മരുന്നും ലഭ്യമാക്കാത്തതിനാൽ 159642 രൂപയുടെ (200000-40358) ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് മരുന്നുകൾ ലഭിക്കാത്തതിനാൽ ₹258585 ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പ്രൈമറി ഹെൽത്ത് സെന്റർ<br>ചൊക്ലി ഗ്രാമപഞ്ചായത്ത്. |
| പ്രൊജക്ട് നമ്പർ/പേര് | 87/24, പിഎച്ച്സി-യ്ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹830000 മെയിന്റൻസ് ഗ്രാന്റ് റോഡിതരം |
| ചെലവ് | ₹101082 ബിൽ നമ്പർ: 115/04.11.2023<br>₹3179 ബിൽ നമ്പർ: 169/01.12.2023<br>₹139834 ബിൽ നമ്പർ: 234/01.01.2024<br>₹317404 ബിൽ നമ്പർ: 236/01.01.2024<br>₹43498 ബിൽ നമ്പർ: 271/03.02.2024<br>₹48596 ബിൽ നമ്പർ: 280/08.02.2024<br>₹71095 ബിൽ നമ്പർ: 340/16.03.2024<br>ആകെ: ₹724688 |

മേൽ പ്രൊജക്ട് പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിന് കേരള സ്റ്റേറ്റ് കോ-ഓപ് കൺസ്യൂമർ ഫെഡറേഷൻ ലിമിറ്റഡിന് ₹267450-യും കേരള മെഡിക്കൽ സർവ്വീസ് കോർപറേഷൻ ലിമിറ്റഡിന് ₹457238 യും നൽകിയിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസ് കോർപറേഷന് ബിൽ നമ്പർ 234, ബിൽ നമ്പർ 236 എന്നിവ പ്രകാരം നൽകിയ ₹457238-യിൽ 258585 രൂപയുടെ മരുന്ന് ഇതുവരെയും ലഭ്യമാക്കിയിട്ടില്ല. മുഴുവൻ മരുന്നും ലഭ്യമാക്കാത്തതിനാൽ ₹258585 യുടെ

ചെലവ് തടസ്സപ്പെടുത്തുന്നു.

**1-22 പാലിയേറ്റീവ് കുടുംബസംഗമം - പദ്ധതിനിർവ്വഹണത്തിലെ അപാകങ്ങൾ ₹25000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| പ്രോജക്ട് നമ്പർ, പേര് | 261/24, പാലിയേറ്റീവ് കുടംബസംഗമം |
| അടങ്കൽ | ₹25000 തനത് ഫണ്ട് |
| ചെലവ് | ₹25000 ചെക്ക് നമ്പർ: 958946/22.03.2024 |

കിടപ്പിലായ രോഗികളുടെ കുടുബസംഗമം നടത്തുന്നതിനാണ് മേൽ പ്രൊജക്ട് നടപ്പിലാക്കിയത്.

SNS LIGHT &SOUND Thalassery എന്ന സ്ഥാപനത്തിന് പന്തൽ വാടക, ഭക്ഷണ ചെലവ് എന്നീ ഇനത്തിലാണ് 25000 രൂപ നൽകിയത്. ഈ ചെലവുമായി ബന്ധപ്പെട്ട് ക്വട്ടേഷൻ ക്ഷണിച്ചതിന്റെയോ ആയത് ഗ്രാമപഞ്ചായത്ത് അംഗീകരിച്ചതിന്റെയോ രേഖകൾ ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയും ലഭ്യമല്ല. രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹25000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-23 IEC പ്രവർത്തനങ്ങൾ - ചെലവ് രേഖകളുടെ അഭാവത്തിൽ₹25550 ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഒളവിലം |
| പ്രോജക്ട് നമ്പർ | 212/24 |
| പ്രോജക്ടിന്റെ പേര് | IEC പ്രവർത്തനങ്ങൾ |
| അടങ്കൽ | ₹92000 വികസനഫണ്ട്<br>₹8000 തനത് ഫണ്ട്<br>ആകെ: ₹100000 |
| ചെലവ് | ₹10000 ബിൽ നമ്പർ: 150/10.112023<br>₹15550 ബിൽ നമ്പർ: 238/01.01.2024<br>ആകെ: ₹25550 |

IEC പ്രവർത്തനങ്ങൾക്കും,ബോർഡ് സ്ഥാപിക്കുന്നതിനുമാണ് പ്രൊജക്ട് നടപ്പിലാക്കിയത്. മേൽ ബിൽ പ്രകാരം റീത്ത.വി.എം എന്നവരുടെ പേരിലുള്ള 42322200037189 കാനാറാ ബാങ്ക് അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതിന് നൽകിയ അന്വേഷണകുറിപ്പിന് **(32/13-11-2024)** മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ ₹25550 ചെലവ് തടസ്സപ്പെടുത്തുന്നു.

**1-24 റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കൽ – ചെലവ് വിതരണ രേഖകൾ ലഭ്യമാക്കിയില്ല – ₹1517150 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഒളവിലം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഒളവിലം |
| പ്രോജക്ട് നമ്പർ, പേര് | 56/24, റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കൽ | 144/24, റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കൽ (സ്പിൽ ഓവർ) |
| അടങ്കൽ | ₹607099 -വികസന ഫണ്ട് (ജനറൽ)<br>₹503620 (ധനകാര്യകമ്മീഷൻ ഗ്രാന്റ് )<br>₹86491 (തനത് ഫണ്ട് )<br>₹400000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹222790 (മറ്റുള്ളവ )<br>ആകെ ₹1820000 | ₹255930 -വികസന ഫണ്ട് (ജനറൽ)<br>₹1117150 (ധനകാര്യകമ്മീഷൻ അവാർഡ്)<br>₹208120 (മറ്റുള്ളവ<br>ആകെ ₹1581200 |
| ചെലവ്<br>തുക, ബിൽ നമ്പർ/ തീയതി | ₹400000 499/25-3-2024 ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 96/25-6-2023 ₹683600<br>261/17-1-2024 ₹433550<br>ആകെ ₹1117150 (ധനകാര്യ കമ്മിഷൻ അവാർഡ്) |

റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കലിനായി മേൽ പ്രോജക്ടുകൾ പ്രകാരം ആകെ 1517150 രൂപയുടെ (400000+1117150) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മേൽ ബില്ലുകളിലെ ചെലവിനാധാരമാക്കിയ റിംഗ് കമ്പോസ്റ്റ് വാങ്ങിയതിന്റെ ഇൻവോയ്സ്, ഇൻവോയ്സ് പ്രകാരം വാങ്ങിയ റിംഗ് കമ്പോസ്റ്റുകൾ വിതരണം ചെയ്തതിന്റെ വിവരം റിംഗ് കമ്പോസ്റ്റ് നൽകാനുള്ള ഗുണഭോക്താക്കളുടെ അംഗീകരിക്കപ്പെട്ട ഗുണഭോക്തൃലിസ്റ്റ് മേൽ പ്രൊജക്ടുകൾ പ്രകാരമുള്ള ചെലവിനാധാരമാക്കിയ രേഖകൾ, പദ്ധതികളുടെ മോണിറ്ററിങ്ങ് റിപ്പോർട്ട് തുടങ്ങിയവ പരിശോധനക്ക് ലഭ്യമാക്കുന്നതിന് നൽകിയ അന്വേഷണകുറിപ്പിന് (31/13-11-2024) മറുപടി ലഭ്യമാക്കാത്തതിനാൽ ₹1517150 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-25 സർവ്വീസ്/ഫാമിലി പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താവ് അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷ പെൻഷൻ തുക തിരികെ ഈടാക്കിയിട്ടില്ല.**

ചൊക്ലി ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയ താഴെ പറയുന്ന 3 ഗുണഭോക്താക്കൾ സർവീസ്/ ഫാമിലി പെൻഷൻ കൈപ്പറ്റിയിട്ടുണ്ട്.

| ക്രമ നമ്പർ | പേര്/പെൻഷൻ ഇനം | ഐ.ഡി നമ്പർ | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | രോഹിണി, വാളാട്ട് ഹൗസ്, ചൊക്ലി വാർദ്ധക്യ കാല പെൻഷൻ | 111500200605 | 53300 |
| 2 | ചന്ദ്രമതി കെ, വിധവാ പെൻഷൻ | 111500600677 | 70500 |
| 3 | ലീലാവതി പി പി, വാർദ്ധക്യ കാല പെൻഷൻ | 111500202320 | 10000 |

സാമൂഹ്യ സുരക്ഷാ പെൻഷൻ അനർഹമായി അനുവദിക്കുന്നത് ഒഴിവാക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (3/19-09-24) മറുപടിയിൽ ഗ്രാമപഞ്ചായത്തിലെ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൈപ്പറ്റിയ മേല്പറഞ്ഞ 3 ഗുണഭോക്താക്കളിൽ ചന്ദ്രമതി കെ, ലീലാവതി പി പി എന്നിവർ തുക തിരിച്ചടച്ചതായി അറിയിച്ചിട്ടുണ്ട്. രോഹിണി, വാളാട്ട് ഹൗസ്, ചൊക്ലി എന്ന ഗുണഭോക്താവ് മരണപ്പെട്ടതിനാൽ തുക ഈടാക്കുന്നതിനായി അനന്തരാവകാശിക്ക് 4-1-2024 ന് കത്ത് നല്കിയിട്ടുണ്ടെങ്കിലും നാളിതുവരെയായി തുക തിരികെ ഒടുക്കിയിട്ടില്ല. അനർഹമായി അനുവദിച്ച ക്ഷേമ പെൻഷൻ തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ കേരളത്തിലെ മാലിന്യസംസ്കരണം ഹരിത കർമ സേനയിലൂടെ

സ.ഉ(ആർ.ടി)നം.1496/2020/തസ്വഭവ, തീയതി 12.08.2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യകമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ(ആർ.ടി) 880/2021/ തസ്വഭവ, തീയതി 16.04.2021, സ.ഉ (ആർ.ടി) 949/2021/തസ്വഭവ, തീയതി 05.05.2021 എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക എന്നതാണ് ഈ ക്യാമ്പയിന്റെ ലക്ഷ്യങ്ങൾ. ആയതിലേക്കായി പൗരൻമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കർമ്മസേന, ഹരിത സഹായ സ്ഥാപനം, ക്ലീൻ കേരള കമ്പനി, ഹരിത കേരള മിഷൻ എന്നിവയുടെ ചുമതലകൾ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുക, അജൈവ മാലിന്യം ശേഖരിച്ച് പുന:ചംക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവ ആയിരിക്കണം ഓരോ പ്രദേശത്തേയും മാലിന്യ വിമുക്തമാക്കുന്നതിനായി ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ സമീപനം.

ഗ്രാമപഞ്ചായത്തിൽ 17 വാർഡുകളിലായി ആകെ 28163 ജനങ്ങൾ അധിവസിക്കുന്നുണ്ട്. ആൾത്താമസമുള്ള 8157വീടുകളും പ്രവർത്തിക്കുന്ന 759 സ്ഥാപനങ്ങളുമുണ്ട്. 17 വാർഡുകളിൽ രണ്ട് വീതവും ഉൾപ്പെടെ 34 പേരാണ് ഹരിതകർമ്മസേനയുടെ ഭാഗമായി പ്രവർത്തിച്ചു വരുന്നത്. ഹരിത കർമ്മസേനാംഗങ്ങൾക്ക് ശരാശരി 6325 രൂപ വീതം മാസ വരുമാനം ലഭിക്കുന്നുണ്ട്. 2023-24 വർഷത്തിൽ യൂസർ ഫീസിനത്തിൽ ആകെ 4986600 രൂപ ശേഖരിച്ചിട്ടുണ്ട്. അഗതി, അതിദരിദ്ര കുടുംബങ്ങൾ താമസിക്കുന്ന വീടുകളെയും, പൂട്ടികിടക്കുന്ന സ്ഥാപനങ്ങളെയും യൂസർ ഫീസ് ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. പ്രസ്തുത കുടുംബങ്ങളുടെയും ഘടക സ്ഥാപനങ്ങളുടെയും യൂസർ ഫീസ് നല്കുന്നതിനായി ഗ്രാമ പഞ്ചായത്ത് 63700 രൂപ ചെലവഴിച്ചിട്ടുണ്ട്. (പ്രോജക്ട് നമ്പർ 246/24)

**എംസിഎഫ്**

ഗ്രാമപഞ്ചായത്തിൽ 1 എം സി എഫും 44 മിനി എം സി എഫുകളും ഉണ്ട്. എം സി എഫിൽ ബെയിലിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. എം സി എഫിൽ ടോയ്‌ലറ്റ് സൗകര്യം, ഓഫീസ്, വൈദ്യുതി, കുടിവെള്ള കണക്ഷനുകൾ തുടങ്ങിയവ ഉണ്ട്. ഫയർ എക്സ്റ്റിംഗിഷർ സ്ഥാപിച്ചിട്ടുണ്ട്. എം സി എഫിൽ ഫയർ ഓഡിറ്റ് നടന്നിട്ടുണ്ടെന്നും ഹരിതകർമ്മ സേനാംഗങ്ങൾക്ക് ഫയർ എക്സ്റ്റിംഗിഷർ പ്രവർത്തിപ്പിക്കുന്നതുൾപ്പെടെയുള്ള അഗ്നിശമന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പരിശീലനം നല്കിയിട്ടുണ്ടെന്നുമാണ് അറിയിച്ചത്. ഹരിതകർമ്മസേനയുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ ഹരിതമിത്രം ആപ് പൂർണ്ണമായും പ്രവർത്തനക്ഷമമാണ്.

**മാലിന്യശേഖരണം**

പ്ലാസ്റ്റിക്ക് മാലിന്യങ്ങളും മറ്റ് അജൈവ മാലിന്യങ്ങളും ക്ലീൻ കേരള കമ്പനി തയ്യാറാക്കിയ കലണ്ടർ പ്രകാരം ഉറവിടത്തിൽ നിന്നു തന്നെ തരം തിരിച്ച് ശേഖരിക്കുകയാണ് ചെയ്യുന്നത്. എല്ലാ ദിവസവും പഞ്ചായത്ത് പരിധിയിലുള്ള പൊതുസ്ഥലങ്ങൾ പാതയോരങ്ങൾ എന്നിവ ഗ്രാമ പഞ്ചായത്തിലെ രണ്ട് റോഡ് സ്വീപ്പർമാർ ശുചീകരിക്കുന്നുണ്ട്. ലെഗസി മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നു. 2023-24 സാമ്പത്തിക വർഷം ലെഗസി മാലിന്യങ്ങൾ ഒഴിവാക്കുന്നതിനായി ക്ലീൻ കേരള കമ്പനിക്ക് 44500 രൂപ നല്കിയിട്ടുണ്ട് (പ്രോജക്ട് നമ്പർ 243/2024)

**ചെലവ്**

അജൈവമാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഗ്രാമപഞ്ചായത്ത് വിവിധ വർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളുടെ ചെലവുവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. 2023-24 വർഷത്തിൽ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടുകളുടെ വിവരങ്ങൾ | ചെലവ് |
|---|---|---|
| | | |

| | | |
|---|---|---|
| 1 | ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ 243/24 | 44500 |
| 2 | റിംഗ് കംബോസ്റ്റ് സ്ഥാപിക്കൽ 56/24 | 400000 |
| 3 | റിംഗ് കംബോസ്റ്റ് സ്ഥാപിക്കൽ148/24 | 287500 |
| 4 | റിംഗ് കംബോസ്റ്റ് സ്ഥാപിക്കൽ144/24 | 1117150 |
| 5 | സാനിറ്ററി പാഡ് ഡിസ്ട്രോയർ245/24 | 94000 |
| 6 | ഹരിത കർമസേനക്ക് ട്രോളി വിതരണം71/24 | 122500 |
| 7 | സ്മാർട്ട് ഗാർബേജ് സംവിധാനം നടപ്പിലാക്കൽ57/24 | 151439 |
| 8 | സേഫ്റ്റി ടാങ്ക് നിർമ്മാണത്തിന് സബ്സിഡി 72/24 | 252000 |

മാലിന്യ വിമുക്തമാക്കുന്നതിനും മാലിന്യ സംസ്കരണം ഊർജ്ജിതമാക്കുന്നതിനുള്ള പ്രവർത്തനങ്ങളിലൂടെ പഞ്ചായത്തിനെ സമ്പൂർണ ശുചിത്വപഞ്ചായത്ത് ആയി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. എങ്കിലും പൊതുസ്ഥലങ്ങളിൽ മാലിന്യം തള്ളുന്ന നിരവധി സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുകയും ഇത്തരത്തിലുള്ള 16 പരാതികളിൽ പരിശോധന നടത്തി 2023-24 (ആഗസ്റ്റ്-മാർച്ച്) കാലയളവിൽ ഉത്തരവാദികളിൽ നിന്നും 751000 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. മാലിന്യ സംസ്കരണ രീതികളെകുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനായി 2023-24 കാലയളവിൽ പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും ബോധവത്കരണക്ലാസുകൾ നടത്തുകയും ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ എല്ലാമാസവും അവലോകന യോഗം വിളിച്ചചേർത്ത് പ്രവർത്തനം വിലയിരുത്തുകയും ചെയ്തു വരുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ മാലിന്യസംസ്കരണ നടപടികൾ പൊതുവെ തൃപ്തികരമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2023-24 | 04.11.2024, 05.11.2024 | കെ.എസ്.എ./കെ.എൻ.ആർ./സി.11/1736 /24 തീയതി: 06.12.2024 |

### 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ നമ്പർ, പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| 1 | പാനൂർ ബ്ലോക്ക് | 1180000 | 14/24 ലൈഫ് ഭവന പദ്ധതി 2020 ജനറൽ | 1180000 | 0 |

| | | | | | |
|---|---|---|---|---|---|
| | പഞ്ചായത്ത് | | | | |
| 2 | പാനൂർ ബ്ലോക്ക് പഞ്ചായത്ത് | 100000 | 67/24, പാലിന് സബ്സിഡി | 100000 | 0 |
| 3 | പാനൂർ ബ്ലോക്ക് പഞ്ചായത്ത് | 25100 | 16/24, ബഡ്സ് സ്കൂളിലേക്ക് ആവശ്യമായ ഫർണിച്ചർ വാങ്ങൽ | 25100 | 0 |
| 4 | പാനൂർ ബ്ലോക്ക് പഞ്ചായത്ത് | 124935 | 82/24, സാന്ത്വനപരിചരണം | 124935 | 0 |
| 5 | പാനൂർ ബ്ലോക്ക് പഞ്ചായത്ത് | 400000 | 56/24, റിംഗ് കംപോസ്റ്റ് സ്ഥാപിക്കൽ | 400000 | 0 |
| 6 | പാനൂർ ബ്ലോക്ക് പഞ്ചായത്ത് | 400000 | 18/24, ഭിന്നശേഷി സ്കോളർഷിപ്പ് | 400000 | 0 |
| 7 | പാനൂർ ബ്ലോക്ക് പഞ്ചായത്ത് | 111370 | 169/24, ബഡ്സ് സ്കൂൾ പൂർത്തീകരണം | 111370 | 0 |
| 8 | പാനൂർ ബ്ലോക്ക് പഞ്ചായത്ത് | 300000 | 136/24, ലൈഫ് മിഷൻ ഭവന നിർമ്മാണം പട്ടികജാതി | 300000 | 0 |
| | ആകെ | 2641405 | . | 2641405 | 0 |
| 1 | ജില്ലാ പഞ്ചായത്ത് | 275000 | 18/24, ഭിന്ന ശേഷി സ്കോളർഷിപ്പ് | 275000 | 0 |
| 2 | ജില്ലാ പഞ്ചായത്ത് | 1620000 | 14/24, ലൈഫ് ഭവന പദ്ധതി 2020 ജനറൽ | 1620000 | 0 |
| 3 | ജില്ലാ പഞ്ചായത്ത് | 260000 | 135/24, ലൈഫ് ഭവന പദ്ധതി (എസ് സി എസ് ടി ഫിഷറീസ് ) | 260000 | 0 |
| 4 | ജില്ലാ പഞ്ചായത്ത് | 200000 | 136/24, ലൈഫ് മിഷൻ ഭവന നിർമ്മാണം പട്ടികജാതി | 200000 | 0 |
| 5 | ജില്ലാ പഞ്ചായത്ത് | 1536602 | 179/24, പാലാഴിതോട് ശുദ്ധജല സംരക്ഷണം | 1536602 | 0 |
| 6 | ജില്ലാ പഞ്ചായത്ത് | 25000 | 67/24, പാലിന് സബ്സിഡി | 25000 | 0 |
| 7 | ജില്ലാ പഞ്ചായത്ത് | 200000 | 170/24, മാതൃക അംഗൻവാടി നിർമ്മാണം | 200000 | O |
| | ആകെ | 4116602 | . | 4116602 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| വർഷം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ/ ചെക്ക് നമ്പർ/തീ. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|---|
| 2023-24 | കെ എസ് ഇ ബി | ആലേരി താഴെ കുനിയിൽ ഇലക്ട്രിക്ക് | 42301523 16.08.2023 | 50164 | 50164 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | പോസ്റ്റ് മാറ്റൽ | | | | |
| 2023-24 | കെ എസ് ഇ ബി | സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ | 42301522 16.05.2023 | 1017877 | 1017877 | 0 |
| 2023-24 | കെ എസ് ഇ ബി | സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ നിടുംമ്പ്രം പ്രദേശം | 42301523 20.03.2024 | 88347 | 88347 | 0 |
| 2023-24 | കെ എസ് ഇ ബി | വാർഡ് 8 വാർഡ് 5 എന്നിവിടങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ | 42301046 15.03.2024 | 95143 | 95143 | 0 |
| 2023-24 | കെ എസ് ഇ ബി | ഇല്ലത്ത് പീടിക സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ | 42301523 23.03.2024 | 27198 | 27198 | 0 |

നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകകൾ പൂർണ്ണമായും ചെലവഴിച്ച് 2024-25 വർഷം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പാതിരിച്ചടവ്

സ്ഥാപനത്തിന് വായ്പ ബാധ്യത ഇല്ല

തൻവർഷം സ്ഥാപനത്തിന് വായ്പ ബാധ്യത ഇല്ലാതിരുന്നിട്ടും വികസന ഫണ്ട് എസ് സി പിയിൽ സ്ഥാപനത്തിന് ലഭ്യമാകാനുള്ള തുകയിൽ നിന്നും ലൈഫ് മിഷൻ വായ്പ തിരിച്ചടവിനത്തിൽ 69648 രൂപ കുറവ് ചെയ്തിട്ടുണ്ട്. മുൻവർഷവും ഇതേ രീതിയിൽ വായ്പ ബാധ്യത ഇല്ലാതിരുന്നിട്ടും ഈയിനത്തിൽ സ്രോതസ്സിൽ നിന്നും തുക കുറവ് ചെയ്താണ് സ്ഥാപനത്തിന് ലഭ്യമായിട്ടുള്ളത്. സ്ഥാപനത്തിന് ലഭ്യമാകാനുള്ള തുകയിൽ ഈയിനത്തിൽ നഷ്ടമാവുന്ന തുക തിരികെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 11,44,864 |
| തൻ വർഷം നിക്ഷേപിച്ച തുക | 86,867 |
| ആകെ | 12,31,731 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 12,31,731 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര്(ബാങ്ക് / ട്രഷറി/പോസ്റ്റ് ഓഫീസ്),നം. | നിക്ഷേപിച്ച തിയ്യതി/ പലിശ കാലാവധി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | ചൊക്ലി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് നം.0002105000778 | 22/12/2023 8.25% (1 വർഷം) | 12,07,731 | 22.12.2024 കാലാവധി തീയതി |
| 2 | മലബാർ ടൂറിസം ഡവലപ്മെന്റ് | 118/4429 28/04/2015 | 20,000 | |

| | | | | |
|---|---|---|---|---|
| | കോ-ഓപ്പറേറ്റീവ് സൊസൈറ്റി | | | |
| 3 | കണ്ണൂർ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ഹോസ്പ്പിറ്റൽ ലിമിറ്റഡ് | വൗച്ചർ നമ്പർ 557 28/04/2015 | 4,000 | |
| | ആകെ | | 12,31,731 | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 15 | 2003-04 | പേജ് ക്രമ നം 132 | പദ്ധതി നിർവ്വഹണ ചെലവ് പരിധി കഴിഞ്ഞ് ചെലവഴിച്ചു. | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 2014-15 | 2-1 | 2016-17 | ഖ- 1 | വസ്തു നികുതി | നിലനിൽക്കുന്നു |
| 2015-16 | 2-4,2-5 | 2016-17 | ഖ- 2 | തൊഴിൽ നികുതി | നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ. സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 5,32,01,349 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 4,32,76,413 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 21,73,201 |

**ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേര് വിവരം |
|---|---|---|
| 1-17 | ₹150000 | ശ്രീമതി. ഷീജാമണി കെ, സെക്രട്ടറി |
| 1-18 | ₹37274 | ശ്രീമതി. ഷീജാമണി കെ, സെക്രട്ടറി |
| 1-20 | ₹159642 | ഡോ. ജിതിൻരാജ്, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-21 | ₹258585 | ഡോ.നീതു.എം,മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി |

| | | |
|---|---|---|
| 1-22 | ₹25000 | ഡോ.നീതു.എം,മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി |
| 1-23 | ₹25550 | ശ്രീമതി.റജി ളുണേരി,വി.ഇ.ഒ.ഒളവിലം |
| 1-24 | ₹1517150 | ശ്രീമതി.ഫെമിന ഫ്രാങ്കോ, വി.ഇ.ഒ.ഒളവിലം (₹400000)<br>ശ്രീ.ജസീർകെ.പി, വി.ഇ.ഒ., ഒളവിലം (683600)<br>ശ്രീമതി റജി ളുണേരി, വി.ഇ.ഒ, ഒളവിലം (₹433550) |
| ആകെ | ₹2173201 | |

**ഡി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഇ. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**എഫ്. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസം**

| ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ പേര് വിവരം | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഷീജാമണി കെ, സെക്രട്ടറി | അക്കൗണ്ട്സ് ഓഫീസർ, കണ്ണൂർ കോർപ്പറേഷൻ | ഹരിഗോവിന്ദം, ഒളവിലം പി ഒ, കണ്ണൂർ ജില്ല |
| ശ്രീമതി റജി ളുണേരി,<br>വി.ഇ.ഒ, ഒളവിലം | എച്ച്.സി, അഞ്ചരക്കണ്ടി<br>ഗ്രാമ പഞ്ചായത്ത് | ദേവ് ഘർ, ചൊക്ലി (പോസ്റ്റ്), കണ്ണൂർ ജില്ല |
| ഡോ.ജിതിൻ രാജ്, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ, ചൊക്ലി ഗ്രാമ പഞ്ചായത്ത് | മഞ്ചക്കാട്ടിൽ ഹൗസ്, മുണ്ടല്ലൂര് (പോസ്റ്റ്), കണ്ണൂർ ജില്ല |
| ഡോ.നീതു.എം, മെഡിക്കൽ ഓഫീസർ, | മെഡിക്കൽ ഓഫീസർ, ചൊക്ലി ഗ്രാമ പഞ്ചായത്ത് | രോഹിണി, ബിലാത്തിക്കുളം ടെമ്പിൾറോഡ്, എരഞ്ഞിപ്പാലം (പോസ്റ്റ്), കോഴിക്കോട് ജില്ല |
| ശ്രീമതി ഫെമിന ഫ്രാങ്കോ, വി.ഇ.ഒ.ഒളവിലം | വി.ഇ.ഒ,ചൊക്ലി ഗ്രാമ പഞ്ചായത്ത് | ബഥേൽ വാവാച്ചിമുക്ക്, കാവുംഭാഗം (പോസ്റ്റ്), കണ്ണൂർ ജില്ല |
| ശ്രീ.ജസീർ കെ.പി, വി.ഇ.ഒ.ഒളവിലം | വി.ഇ.ഒ,മുഴപ്പിലങ്ങാട്,<br>ഗ്രാമ പഞ്ചായത്ത് | കെ.പി ഹൗസ്, പെരിങ്ങാടി (പോസ്റ്റ്), ന്യൂ മാഹി, കണ്ണൂർ ജില്ല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/ 1352/2022 തീയതി 01.11.2022 | 5 |
| 1999-00 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/ 1352/2022 തീയതി 01.11.2022 | 6 |
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/ 1352/2022 തീയതി 01.11.2022 | 2 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/ 1352/2022 തീയതി 01.11.2022 | 7 |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/ 1352/2022 തീയതി 01.11.2022 | 1 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/ 1352/2022 തീയതി 01.11.2022 | 3 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/ 1352/2022 തീയതി 01.11.2022 | 3 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/ 1352/2022 തീയതി 01.11.2022 | 1 |
| 2009-10 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/ 1352/2022 തീയതി 01.11.2022 | 2 |
| 2010-11, 2011-12 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/ 1352/2022 തീയതി 01.11.2022 | 3 |
| 2012-13 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/ 1352/2022 തീയതി 01.11.2022 | 5 |
| 2013-14,2014-15 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/ 1352/2022 തീയതി 01.11.2022 | 1 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/ 1352/2022 തീയതി 01.11.2022 | 4 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/ 1352/2022 തീയതി 01.11.2022 | 1 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/ 1352/2022 തീയതി 01.11.2022 | 2 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/ 218/2022 തീയതി 30.03.2022 | 18 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/ 219/2022 തീയതി 30.03.2022 | 19 |
| 2021-22 | കെ.എസ്.എ/കെ.എൻ.ആർ/സി 9/1637/2022(1)/07.06.2023 | 11 |
| 2022-23 | കെ.എസ്.എ/കെ.എൻ.ആർ/ സി.11/ 387/2024 തീയതി 12.03.2024 | 23 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 160/2024 dated 22-05-2024 and submitted on 23-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Chokli Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Chokli Grama Panchayat as on 31-03-2024

**Date: 06/12/2024**

**Deputy Director**
**District Office Kannur**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Chokli Grama Panchayat for the Year 2023-2024 .

**1.Major Observations**

NIL

**2.Other Observations**

1. Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents

2. Mandatory financial statements such as Ratios, B1 Schedule prescribed in 2011 kerala panchayat raj accounting rules

not submitted for audit.

3. comparitive amounts for the preceding year ,prescribed in 2011 kerala panchayat raj accounting rules not recorded.
4. Lapses in making timely and accurate demand entries in respect of tax and non tax revenue
5. Work for which part bill payment made is not accounted in capital work in progress in balance sheet B-11(b) schedule
6 .Updated asset register is not maintained
7. Account which is not exist in panchayath is shown in balance sheet with balance 10996
8. capital contribution entry is not made for capital expenditure of all grants .
9. Details of liabilities shown in B-4 schedule is not made available [320100102 (Rs 39700), 320100180- (Rs 287232)]
10. Receipt of balance amount of deposit work for which finance commission grant given is not entered in respective account head
11. Life mission receipt is not entered in respective head -rural housing-housing for all

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം -3-1

## RECEIPT & PAYMENT STATEMENT

| Chokli Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2023 to 31-March-2024 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 19300289.00 |
| Cash | Cash | RP-40(a) | 36060.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1527580.00 |
| 140000000 | Fees & User Charges | RP-4 | 8160446.00 |
| 150000000 | Sale & Hire Charges | RP-5 | 110259.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 13060800.00 |
| 171000000 | Interest Earned | RP-9 | 502133.00 |
| 190000000 | Prior Period Income | RP-11 | 73790.00 |
| 311000000 | Earmarked Funds | RP-28 | 2640.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 18701785.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 9925002.00 |
| 460000000 | Loans, Advances and Deposits | RP-49 | 244588.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 0.0 |
| 340000000 | Deposits Received | RP-33 | 145638.00 |
| 350000000 | Other Liabilities | RP-35 | 746688.00 |
| | **Grand total** | | **72537698.00** |
| | **PAYMENTS** | | |
| | **Operating** | | |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 85210.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 1583576.00 |
| 460000000 | Loans, Advances and Deposits | RP-49 | 578445.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 6888.00 |
| 350000000 | Other Liabilities | RP-35 | 41022294.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 29131757.00 |
| Cash | Cash | RP-40(b) | 129528.00 |
| | **Grand Total** | | **72537698.00** |

# അനുബന്ധം -3-2

## INCOME & EXPENDITURE STATEMENT

| Chokli Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2023 to 31-March-2024 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 7873098.00 |

| | | | |
|---|---|---|---|
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 7040.00 |
| 140000000 | Fee & User Charges | I-4 | 8485711.00 |
| 150000000 | Sale & Hire Charges | I-5 | 110259.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 132247134.00 |
| 170000000 | Income from Investments | I-7 | 86867.00 |
| 171000000 | Interest Earned | I-8 | 502133.00 |
| 180000000 | Other Income | I-9 | 10536.00 |
| | **Total Income** | | **149322778.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 14302105.00 |
| 220000000 | Administrative Expenses | I-11 | 1456826.00 |
| 230000000 | Operations & Maintenance | I-12 | 1545307.00 |
| 240000000 | Interest & Finance Charges | I-13 | 649.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4182794.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 32290721.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 1828277.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 24726859.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 50338800.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 817542.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 13017.00 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 17712630.00 |
| B | **Total Expenditure** | | **149215527.00** |
| C=AB | **Gross Surplus / Deficit of income over Expenditure** | | **107251.00** |
| 190000000 | Prior Period Income | I-19 | 197493.00 |
| 290000000 | Prior Period Expenditure | I-18 | 0.00 |
| D | Net difference | I-19 – I-18 | 197493 |
| E | **Gross Surplus / Deficit of income over Expenditure** | | **304744.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 0.0 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | |

## അനുബന്ധം -3-3

## BALANCE SHEET

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **Chokli Grama Panchayat** | | |
| | **BALANCE SHEET Ason 31-03-2024** | | |
| | For the period from 01-April-2023 to 31-March-2024 | | |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 39508556.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 43146.00 |
| 312000000 | Reserves | B-3 | 69356621.00 |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 11456406.00 |
| 330000000 | Secured Loans | B-5 | 0.0 |
| 331000000 | Unsecured Loans | B-6 | 0.0 |
| 340000000 | Deposits Received | B-7 | 252029.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1879187.00 |
| 360000000 | Provisions | B-10 | 0.0 |
| | **TOTAL** | | **122495945.00** |
| | **ASSETS** | | |
| 410000000 | Fixed Assets | B-11 | 2932910.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 3106748.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 26902809.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 130012870.00 |
| 416000000 | Accumulated Depreciation | B-11(a) | -75627096.00 |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 1231731.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| 430000000 | Stock-in-hand | B-14 | 27977.00 |
| 431000000 | Sundry Debtors (Receivables) | B-15 | 1724086.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 29261285.00 |
| 460000000 | Loans, Advances and Deposits | B-18 | 2922625.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |

| | | | |
|---|---|---|---|
| 470000000 | Other Assets | B-19 | 0.0 |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **TOTAL** | | **122495945.00** |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.